24
ഒക്ടോബർ 2020
ശനി
1196 തുലാം 8 1442 റ. അവ്വൽ 7

കാരവൽ

THE FIRST DAILY IN KERALA WITH TWO LANGUAGE EDITIONS ESTABLISHED-1976

RNI Reg:No:70844/99 KARAVAL DAILY PUBLISHED FROM KASARAGOD കാസർകോട്•പുസ്തകം 27 •ലക്കം 203 •പേജ് 4 •വില: 5 രൂപ

സുഖകരമായ യാത്ര, ശ്രദ്ധേയമായ പരിചരണം
കാസർകോട്–ബാംഗ്ലൂർ (ദിവസവും)
മംഗലാപുരം–കാസർകോട്–എറണാകുളം (ദിവസവും)
ബുക്കിംഗിന് ബന്ധപ്പെടുക
BANGALORE (Shayda Marg.) KASARAGOD
Kohinoor
Behind Sagar Talkies,
Ghandhi Nagar,Bangalore
080 2287 7199
Kohinoor (Safar) Travels
New Bus Stand. Ph: 04994- 223952,
230840, 227550, 9037314984
നിങ്ങളുടെ ആനന്ദം ഞങ്ങളുടെ സംതൃപ്തി

കാട്ടുപന്നിയിൽ നിന്നു കൃഷി രക്ഷിക്കാൻ കെട്ടിയ കമ്പിവേലിയിൽ നിന്നു വൈദ്യുതാഘാതമേറ്റു കർഷകൻ മരിച്ചു



ഉപ്പള: കാട്ടുപന്നിയിൽ നിന്നു കൃഷി സംരക്ഷിക്കാൻ സ്ഥാപിച്ച വൈദ്യുതി വേലിയിൽ തട്ടി കർഷകൻ ഷോക്കേറ്റു മരിച്ചു. ബായാർ ബെള്ളൂർ നാർളഗുളിയിലെ റാഫേൽ ഡിസോജ (49)യാണ് മരിച്ചത്. ഇന്നലെ രാത്രി എട്ടരയോടെയായിരുന്നു അപകടമെന്നു പറയുന്നു.

അപകടത്തിനു ശേഷം അയൽവാസിയാണ് വിവരം ആദ്യം അറിഞ്ഞത്. ഇക്കാര്യം ഫയർഫോഴ്സിനെയും പൊലീസിനെയും വൈദ്യുതി അധികൃതരെയും അറിയിക്കുകയും അവരെത്തി മൃതദേഹം കാസർകോട് ജനറൽ ആശുപത്രിയിലെത്തിക്കുകയുമായിരുന്നു.

കൊയ്യാറായ വയൽ കാട്ടുപന്നികൾ വ്യാപകമായി നശിപ്പിക്കുന്നതിനെ തിരെ വയൽക്കരയിൽ ഷെഡ്ഡ് കെട്ടി അതിലായിരുന്നു റാഫേൽ താമസിച്ചിരുന്നത്. കാട്ടുപന്നി ശല്യം കൂടിയതോടെ വയലിനു ചുറ്റും കമ്പിവേലി കെട്ടിയശേഷം അതിന്റെ വൈദ്യുതി പ്രവഹിപ്പിക്കുകയായിരുന്നുവെന്നു പറയുന്നു. ഇന്നലെ രാത്രി എട്ടരയോടെ വേലിയിൽ വൈദ്യുതി പ്രവഹിച്ചശേഷം ചുറ്റും പരിശോധിക്കുന്നതിനിടയിൽ കമ്പിയിൽ സ്പർശിക്കുകയും ഷോക്കേൽക്കുകയുമായിരുന്നെന്നു പറയുന്നു. വൈദ്യുതി കമ്പി കൈയിൽ പിടിച്ച നിലയിലായിരുന്നു മൃതദേഹമെന്നു പറയുന്നു. കാട്ടുപന്നി ശല്യം മൂലം കർഷകർ കടുത്ത വിഷമത്തിലാണ്. സെൽവി മറിയയാണ് റാഫേൽ ഡിസോജയുടെ ഭാര്യ. മകൾ: മേരി. സഹോദരങ്ങൾ: ജോൺ ഡിസോജ, വിൽഫ്രഡ്, രവി, ഫിയാദ, ഫവത്തിൻ.

ഫാം ഹൗസിലെ രഹസ്യ അറയിൽ സൂക്ഷിച്ച തോക്കുകളും തിരകളും പിടികൂടി; ഉടമ ഒളിവിൽ

കാസർകോട്: ഫാം ഹൗസിലെ രഹസ്യ അറയിൽ സൂക്ഷിച്ചിരുന്ന നാടൻ തോക്കും എയർഗണ്ണും തിരകളും പിടികൂടി.

നീലേശ്വരം, കറുത്തഗേറ്റ് സ്വദേശി ശ്രീനിവാസന്റെ ഉടമസ്ഥതയിൽ അമ്പലത്തറ പൊലീസ് സ്റ്റേഷൻ പരിധിയിലെ തായന്നൂർ തൊട്ടിലായിയിലെ ഫാംഹൗസിൽ ഹൊസ്ദുർഗ്ഗ് ഡിവൈ.എസ്.പി എൻ.പി.വിനോദ് കുമാറിന്റെ നേതൃത്വത്തിൽ നടത്തിയ റെയ്ഡിലാണ് തോക്കും തിരകളും കണ്ടെത്തിയത്.

രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് തോട്ടത്തിനകത്തെ ഒറ്റമുറി കെട്ടിടത്തിൽ പൊലീസ് റെയ്ഡ് നടത്തിയത്. ഒറ്റനോട്ടത്തിൽ തോക്കുകൾ കണ്ടെത്താനായില്ല. വിശദമായി പരിശോധിച്ചപ്പോഴാണ് രഹസ്യ അറ കണ്ടെത്തിയത്. തോട്ടം ഉടമയായ ശ്രീനിവാസൻ നേരത്തെ മദ്യക്കടത്ത് കേസിലെ പ്രതിയായിരുന്നു. രണ്ടു കാറുകളിലായി മദ്യം കടത്തുന്നതിനിടയിൽ എക്സൈസ് ആണ് അന്നു കേസ് പിടികൂടിയത്. വാഹനത്തിൽ നിന്നു തോക്കിന്റെ ഭാഗങ്ങളും കണ്ടെത്തിയിരുന്നു.

തോക്കും തിരകളും കണ്ടെടുത്തതോടെ ശ്രീനിവാസൻ ഒളിവിൽ പോയതായി പൊലീസ് പറഞ്ഞു. പൊലീസ് സംഘത്തിൽ ഹൊസ്ദുർഗ്ഗ് എസ്.ഐ കെ.പി.വിനോദ് കുമാർ അമ്പലത്തറ എസ്.ഐ രാജീവൻ, സ്കാഡ് അംഗങ്ങളായ പ്രദോഷ്, കമൽ, സുഭാഷ്, പൊലീസുകാരായ രമേശൻ, നികേഷ് എന്നിവരും ഉണ്ടായിരുന്നു.

നെഞ്ചുവേദന: പ്രവാസി മരിച്ചു

കാഞ്ഞങ്ങാട്: നെഞ്ചുവേദനയെ തുടർന്ന് ചികിത്സയിലായിരുന്ന പ്രവാസി മരിച്ചു. കാഞ്ഞങ്ങാട് ബല്ല കടപ്പുറത്തെ കെ എസ് ഹസൈനാർ ഹാജി (63) യാണ് ഇന്നലെ രാത്രി മംഗ്ളൂരുവിലെ ആശുപത്രിയിൽ മരിച്ചത്. രണ്ടു ദിവസം മുമ്പാണ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

അബുദാബി- കാഞ്ഞങ്ങാട് മുനിസിപ്പൽ കെ എം സി സി ട്രഷറർ, യു എ ഇ ബല്ലാകടപ്പുറം, മുസ്ലീം ജമാഅത്ത് ജനറൽ സെക്രട്ടറി തുടങ്ങി നിരവധി സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. പുച്ചക്കാട്ടെ മൈമൂനയാണ് ഭാര്യ. മക്കൾ: ആസിഫ്, അസ്ക്കർ, ഹസീന, അമീറ. മരുമക്കൾ: ഹയറുന്നീസ, ലാമിസ, പരേതനായ ഹംസ. സഹോദരങ്ങൾ: അബ്ദുൽ ഹമീദ്, മുഹമ്മദ് കുഞ്ഞി, പരേതനായ ദൈനബി.

ഇന്ന് മഹാനവമി: വിദ്യാരംഭം തിങ്കളാഴ്ച

കാസർകോട്: ഇന്ന് മഹാനവമി. മഹാനവമിയുടെ ഭാഗമായുള്ള പൂജകൾ ഇത്തവണ രണ്ടു ദിവസമാണ് നടക്കുന്നത്. തിങ്കളാഴ്ചയാണ് വിജയദശമിയും വിദ്യാരംഭവും നടക്കുക. കോവിഡ് സാഹചര്യം കണക്കിലെടുത്ത് ഇത്തവണ വീടുകളിൽ തന്നെയാണ് പൂജകൾ. ദുർഗ്ഗാഷ്ടമി ദിനമായ ഇന്നലെ വിദ്യാർത്ഥികൾ പഠനോപകരണങ്ങൾ പൂജക്ക് വെച്ചു. ഓൺലൈൻ പഠനം നടക്കുന്ന സാഹചര്യത്തിൽ ചില വിദ്യാർത്ഥികൾ മൊബൈൽ ഫോണുകളും വീടുകളിൽ പൂജക്ക് വെച്ചിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ ക്ഷേത്രങ്ങളിലും മറ്റ് പൊതു ഇടങ്ങളിലും ഉള്ള ആഘോഷങ്ങൾക്ക് കർശന നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. നാളെ രാവിലെ 7.43ന് നവമി തീരും. തുടർന്ന് തിങ്കളാഴ്ച രാവിലെ 9.01 വരെയാണ് ദശമി. ഉദയത്തിന് ശേഷം നവമി അവസാനിക്കുന്നത് കൊണ്ടാണ് അടുത്ത ദിവസം വിദ്യാരംഭം വരുന്നത്. ആചാരപരമായ ചടങ്ങുകൾ മാത്രമാണ് ഇക്കുറി ക്ഷേത്രങ്ങളിൽ നടക്കുന്നത്.

കോവിഡ് രാജ്യത്ത് രോഗികളുടെ എണ്ണം കുറയുന്നു

ന്യൂഡൽഹി: രാജ്യത്തെ കോവിഡ് രോഗികളുടെ എണ്ണം 78 ലക്ഷം കടന്നു. കഴിഞ്ഞ 24 മണിക്കൂറിനിടെ 53,370 പേർക്ക് കൂടി രോഗം സ്ഥിരീകരിച്ചതോടെ രാജ്യത്ത് ഇതുവരെ രോഗം സ്ഥിരീകരിച്ചവരുടെ എണ്ണം 78,14,682 ആയി. 650 മരണവും സ്ഥിരീകരിച്ചതോടെ ആകെ മരണ സംഖ്യ 1,17,956 ആയി.

സി പി എം സി ബി ഐയെ ഭയക്കുന്നത് അഴിമതി പുറത്ത് വരുമെന്ന ഭയം മൂലം: മന്ത്രി മുരളീധരൻ

തിരു: സംസ്ഥാനത്ത് സി ബി ഐയ്ക്കു പൂട്ടിടാനുള്ള സംസ്ഥാന സർക്കാരിന്റെ നീക്കത്തിനു പിന്നിൽ കോടികളുടെ അഴിമതി കഥകൾ പുറത്തുവരുമെന്ന ഭയമാണെന്നു കേന്ദ്രമന്ത്രി വി മുരളീധരൻ ആരോപിച്ചു. എന്നാൽ സംസ്ഥാനം എന്തു തീരുമാനിച്ചാലും അതിന്റെ പ്രയോജനം ഉണ്ടാകില്ലെന്നും നിയമപരമായ അന്വേഷണങ്ങളെ തടയാൻ സി പി എമ്മിനോ, അവർ നേതൃത്വം കൊടുക്കുന്ന സർക്കാരിനോ കഴിയില്ലെന്നും വാർത്താ സമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു. ലൈഫ് മിഷൻ കോഴ ആരോപണമാണ് സി ബി ഐ വേണ്ടെന്ന നിലപാടിലെത്താൻ സർക്കാരിനെയും സി പി എമ്മിനെയും പ്രേരിപ്പിക്കുന്നത്. എന്തിനാണ് ഇങ്ങനെ ഭയമുണ്ടാകുന്നതെന്നു വ്യക്തമല്ല- അദ്ദേഹം പറഞ്ഞു.ടി പി ചന്ദ്രശേഖരൻ കൊലക്കേസിൽ ഗൂഢാലോചനയെ കുറിച്ച് അന്വേഷിച്ചില്ല. കല്യോട്ട് ഇരട്ടക്കൊലക്കേസിൽ സി ബി ഐ അന്വേഷണത്തിനെതിരെ ലക്ഷങ്ങൾ സർക്കാർ ഖജനാവിൽ നിന്നു ചെലവാക്കി. ഇതൊക്കെ എന്തിനായിരുന്നുവെന്നു എല്ലാവർക്കും അറിയാം- മന്ത്രി പറഞ്ഞു.ജമാഅത്തെ ഇസ്ലാമിയുമായി തെരഞ്ഞെടുപ്പു ധാരണ ഉണ്ടാക്കാനുള്ള കോൺഗ്രസിന്റെ നീക്കത്തിൽ ദേശീയ നേതൃത്വം നിലപാട് വ്യക്തമാക്കണം- അദ്ദേഹം കൂട്ടിച്ചേർത്തു.

പീഡനം എതിർത്ത വിദ്യാർത്ഥിനിയെ വെടിവെച്ചു കൊന്നു

ന്യൂഡൽഹി: പീഡനം എതിർത്ത വിദ്യാർത്ഥിനിയെ മൂന്നംഗ സംഘം വെടിവെച്ചു കൊന്നു. ഉത്തർപ്രദേശിലെ ഫിറോസാബാദിലാണ് സംഭവം. വീട്ടിലെത്തിയ മൂന്നംഗ സംഘം പെൺകുട്ടിയെ പീഡിപ്പിക്കാൻ ശ്രമിക്കുകയും എതിർത്തപ്പോൾ വെടിവെക്കുകയുമായിരുന്നുവെന്ന് പറയുന്നു.

നീലേശ്വരത്ത് സ്റ്റീൽ ബോംബ് പൊട്ടിത്തെറിച്ചു; ഒരാൾക്കു പരിക്ക്

സ്റ്റീൽ ബോംബിന്റെ അവശിഷ്ടങ്ങൾ

നീലേശ്വരം: 25 വർഷമായി ആൾ താമസമില്ലാത്ത വീടു പൊളിച്ചു മാറ്റുന്നതിനിടയിൽ സ്റ്റീൽ ബോംബെന്നു സംശയിക്കുന്ന വസ്തു ഉഗ്രശബ്ദത്തോടെ പൊട്ടിത്തെറിച്ചു. തൊഴിലാളിയായ നാരായണൻ എന്നയാൾക്കു പരിക്കേറ്റു. ഇയാൾ ആശുപത്രിയിൽ ചികിത്സ തേടി. സംഭവത്തിൽ ബോംബ് സ്കാഡും ഫോറൻസിക് അധികൃതരും പൊലീസും അന്വേഷണം ആരംഭിച്ചു.നീലേശ്വരം, കുഞ്ഞിപ്പുളിക്കാലിലാണ് സംഭവം. ആൾ താമസമില്ലാത്ത വീട് പൊളിച്ചു മാറ്റുകയായിരുന്നു തൊഴിലാളികൾ. ആവശ്യമില്ലാത്ത വസ്തുക്കൾ വീട്ടിൽ നിന്നു പുറത്തേയ്ക്ക് വലിച്ചെറിയുന്നതിനിടയിൽ സ്റ്റീൽ ബോംബെന്നു സംശയിക്കുന്ന വസ്തു സമീപത്തെ തെങ്ങിൽ തട്ടി പൊട്ടിത്തെറിക്കുകയായിരുന്നു. ഈ സമയത്ത് ചീളു തെറിച്ചാണ് തൊഴിലാളിയായ നാരായണനു പരിക്കേറ്റത്. സ്ഫോടനത്തിന്റെ ആഘാതത്തിൽ തെങ്ങിനും കേടുപാടുണ്ടായി.

എന്നാൽ സ്ഫോടനം സംഭവം രഹസ്യമാക്കിവയ്ക്കുകയായിരുന്നുവെന്നും ബൈകുന്നേരത്തോടെയാണ് വിവരം പുറത്തായതെന്നും പറയുന്നു. തുടർന്ന് നീലേശ്വരം പൊലീസ് ഇൻസ്പെക്ടർ പി.സുനിൽ കുമാർ, എസ്ഐ വി.മോഹനൻ എന്നിവർ സ്ഥലത്തെത്തി പരിശോധന നടത്തി. സ്ഥലത്ത് പൊലീസ് കാവൽ ഏർപ്പെടുത്തിയിട്ടുണ്ട്.

ബോംബിന്റെ അവശിഷ്ടങ്ങൾ പൊലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്.

അതേസമയം കുഞ്ഞിപ്പുളിക്കാലിൽ ഉണ്ടായ സ്ഫോടനം രാഷ്ട്രീയ വിവാദത്തിനു ഇടയാക്കി. സംഭവത്തിലെ ദുരൂഹത നീക്കണമെന്ന് യു.ഡി.എഫ് നഗരസഭാ പാർലമെന്ററി പാർട്ടി ലീഡർ എറുവാട്ടു മോഹനനും വിശദമായ അന്വേഷണം വേണമെന്ന് യുവമോർച്ചാ ജില്ലാ സെക്രട്ടറി ടി സി സഗറും ആവശ്യപ്പെട്ടു.

ബേഡകത്ത് അറുപതുകാരനെ തട്ടിക്കൊണ്ടുപോയി ഹണിട്രാപ്പ്; മുഖ്യ പ്രതി അറസ്റ്റിൽ

ബേഡകം: അറുപതുകാരനെ തട്ടിക്കൊണ്ടുപോയി സ്ത്രീകൾക്കൊപ്പം നിർത്തി ഫോട്ടോയെടുത്ത് അഞ്ചര ലക്ഷം തട്ടിയെടുത്തുവെന്ന കേസിലെ സൂത്രധാരനെ പൊലീസ് അറസ്റ്റ് ചെയ്തു. കോടതി നേരത്തെ പിടികിട്ടാപ്പുള്ളിയായി പ്രഖ്യാപിച്ച പള്ളിക്കര, ബിലാൽ നഗർ, മാസ്തിഗുണ്ടയിലെ നടുക്കണ്ടി വീട്ടിൽ അഹമ്മദ് കബീർ എന്ന ലാലാ കബീറി (34)നെയാണ് ഡിവൈ എസ് പി ബാലകൃഷ്ണൻ നായരുടെ നേതൃത്വത്തിലുള്ള പ്രത്യേക സംഘം അറസ്റ്റ് ചെയ്തത്. കേരളം, കർണ്ണാടകം, തമിഴ്നാട്, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങളിൽ നിരവധി കേസുകളുള്ള ലാലാ കബീർ 13 വർഷത്തിനു ശേഷമാണ് കേരള പൊലീസിന്റെ പിടിയിലാകുന്നത്. കാസർകോട് ടൗൺ പൊലീസ് സ്റ്റേഷനിലടക്കം ഇയാൾക്കെതിരെ നിരവധി കേസുകളും അറസ്റ്റ് വാറണ്ടുകളും ഉണ്ടെന്ന് പൊലീസ് പറഞ്ഞു. കഴിഞ്ഞ മാസം 23നാണ് ഇപ്പോൾ അറസ്റ്റിനാസ്പദമായ സംഭവം നടന്നത്. ബാലനടുക്കം സ്വദേശിയായ അറുപതുകാരനെ ഹണിട്രാപ്പിൽപ്പെടുത്തി 5.45 ലക്ഷം രൂപ തട്ടിയെടുത്തുവെന്നാണ് കേസ്. രണ്ടു സ്ത്രീകളടക്കം ആറു പേർക്കെതിരെയാണ് കേസ്. ഫോട്ടോ പുറത്ത് വിടുമെന്ന് ഭീഷണിപ്പെടുത്തി പലപ്പോഴായി പണം കൈക്കലാക്കിയെന്നും പരാതിയിൽ പറഞ്ഞു.

ഗൃഹനാഥനെ കാറിൽ തട്ടിക്കൊണ്ടുപോയി യുവതിക്കൊപ്പം നിർത്തി ഫോട്ടോയെടുത്തു; അഞ്ചരലക്ഷം തട്ടി

അവശേഷിക്കുന്ന സ്ത്രീകളടക്കമുള്ള അഞ്ചു പ്രതികൾക്കായി തെരച്ചിൽ ആരംഭിച്ചിട്ടുണ്ട്. അറസ്റ്റിലായ ലാലാ കബീറിൽ നിന്നു കൂട്ടാളികൾ ആരൊക്കെയാണെന്നും ഏതു കാറിലാണ് എത്തിയതെന്നും വ്യക്തമായ തെളിവ് പൊലീസിന് ലഭിച്ചിട്ടുണ്ട്. പ്രത്യേക സ്കാഡ് അംഗങ്ങളായ ലക്ഷ്മിനാരായണൻ, തോമസ്, ഓസ്റ്റിൻ തമ്പി, ഷജീഷ്, ബേഡകം എസ് ഐ മുരളീധരൻ എന്നിവരും ലാലാ കബീറിനെ പിടികൂടിയ പൊലീസ് സംഘത്തിൽ ഉണ്ടായിരുന്നു.

കോവിഡ്: ജില്ലയിൽ മരിച്ചവരുടെ എണ്ണം 170

കാസർകോട്: കോവിഡ് ബാധിച്ചു ജില്ലയിൽ 170 പേർ മരിച്ചു.ഇന്നലെയുണ്ടായ മൂന്നു മരണം കൂടി കോവിഡ് മൂലമാണെന്നു സ്ഥിരീകരിച്ചതോടെയാണിത്. പള്ളിക്കര പഞ്ചായത്തിലെ കുഞ്ഞബ്ദുള്ള (60), കള്ളാറിലെ കരുണൻ(75), ചെങ്കളയിലെ പ്രസന്നകുമാർ (46) എന്നിവരാണ് കോവിഡ് ബാധിച്ച് ഇന്നലെ അന്തരിച്ചത്.ജില്ലയിൽ ഇന്നലെ 189 പേർക്കു കോവിഡ് സ്ഥിരീകരിച്ചു. 327 പേർ ഇന്നലെ കോവിഡ് രോഗമുക്തരായി. 4856 പേർ ജില്ലയിൽ നിരീക്ഷണത്തിലുണ്ട്. ജില്ലയിൽ ഇതുവരെ 17,495 പേർക്കു കോവിഡ് ബാധിച്ചിട്ടുണ്ട്. ഇതിൽ 14,719 പേർ രോഗവിമുക്തരായിട്ടുണ്ട്.

അനന്തപുരത്തെ ചെങ്കൽ ക്വാറികളിലും എടനാട് വില്ലേജ് ഓഫീസിലും വിജിലൻസ് റെയ്ഡ്

കുമ്പള: അനന്തപുരം കിൻഫ്ര പാർക്കിനു സമീപത്തെ ചെങ്കൽ ക്വാറികളിലും എടനാട് വില്ലേജ് ഓഫീസിലും വിജിലൻസ് റെയ്ഡ്. വില്ലേജ് ഓഫീസിലെ പരിശോധയിൽ കണക്കിൽപ്പെടാത്ത 1000 രൂപ കണ്ടെത്തിയതായും യാതൊരു തരത്തിലുമുള്ള അനുമതിയും കൂടാതെ ലോഡ് കണക്കിനു ചെങ്കല്ല് മുറിച്ച് കടത്തിയതായും വിജിലൻസ് പരിശോധനയിൽ കണ്ടെത്തി. ഇതു സംബന്ധിച്ചു ജിയോളജി വകുപ്പിനു റിപ്പോർട്ട് നൽകി.

വില്ലേജ് ഓഫീസിൽ അഴിമതി നടക്കുന്നുവെന്ന പരാതികളെ തുടർന്നാണ് ഇന്നലെ വിജിലൻസ് ഇൻസ്പെക്ടർ സിബി തോമസ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ സീനിയർ സൂപ്രണ്ട് രാജീവ് കുമാർ, എസ് ഐ ശശിധരൻ പിള്ള, എ എസ് ഐ ശ്രീനിവാസൻ, സീനിയർ സിവിൽ പൊലീസ് ഓഫീസർമാരായ മധുസൂദനൻ, അനോജ്, സുരേഷ് എന്നിവരുടെ നേതൃത്വത്തിൽ വിജിലൻസ് സംഘമാണ് പരിശോധന നടത്തിയത്. കണക്കിൽപ്പെടാത്ത തുക കണ്ടെത്തിയത് കൂടാതെ നികുതി തുക കൈകാര്യം ചെയ്യുന്നതിൽ വലിയ ക്രമക്കേടുകൾ കണ്ടെത്തിയതായും പറയുന്നു.അനന്തപുരം കിൻഫ്രാ പാർക്കിനു സമീപം അനധികൃതമായി ചെങ്കൽ ക്വാറികൾ പ്രവർത്തിക്കുന്നതായും യാതൊരു അനുമതിയും ഇല്ലാതെ ചെങ്കല്ല് മുറിച്ചു കടത്തുന്നതായും റെയ്ഡിൽ കണ്ടെത്തി.

അനന്തപുരത്തെ ചെങ്കൽ ക്വാറിയിൽ വിജിലൻസിന്റെ നേതൃത്വത്തിൽ നടന്ന റെയ്ഡ്

കാനത്തൂരിൽ കാടിറങ്ങിയ കാട്ടാനകളും നാട്ടുകാരും നേർക്കുനേർ

കാനത്തൂർ: കാടിറങ്ങി നാട്ടിലെത്തി കാർഷിക വിളകൾ വ്യാപകമായി നശിപ്പിച്ചുകൊണ്ടിരിക്കുന്ന കാട്ടാനക്കൂട്ടത്തെ തുരത്താൻ വനംവകുപ്പും നാട്ടുകാരും ചേർന്ന് നടത്തിയ ശ്രമം അക്ഷരാർത്ഥത്തിൽ 'വനയുദ്ധമായി'മാറി. ദിവസങ്ങളായി മുളിയാർ, കാറഡുക്ക, ദേലംപാടി പഞ്ചായത്തുകളിലെ വിവിധ ഭാഗങ്ങളിലെ കൃഷിയിടങ്ങളിൽ കാട്ടാനകളുടെ വിളയാട്ടം തുടരുകയാണ്. രാപ്പകൽ ഉറക്കമിളച്ച് നാട്ടുകാർ കാവൽ ഇരുന്നും പന്തംകൊളുത്തിയും കാട്ടുപാതകളിൽ തീയിട്ടും ആനകളെ ഉൾവനത്തിലേയ്ക്ക് ഓടിക്കാൻ ശ്രമം നടത്തിയെങ്കിലും ലക്ഷ്യം കണ്ടിരുന്നില്ല. ഇതോടെ ജനരോഷം ശക്തമാവുകയും ചെയ്തു. ഇതു കണക്കിലെടുത്ത് ആനകളെ കാട്ടിലേയ്ക്ക് ഓടിക്കുന്നതിന് പ്രത്യേക പരിശീലനം ലഭിച്ച ആറളത്തെ എട്ടംഗ സംഘവും വനംവകുപ്പിന്റെ ദ്രുത കർമ്മസേനയും ഇന്നലെ മുളിയാറിലെത്തിയിരുന്നു. പിന്നാലെയാണ് കുട്ടിയാന ഉൾപ്പെടെയുള്ള ആറ് ആനകൾ നെയ്യംകയം-കൊട്ടംകുഴി ഭാഗങ്ങളിൽ ഇറങ്ങിയത്. സംഭവം ശ്രദ്ധയിൽപ്പെട്ട നാട്ടുകാർ പന്തം കൊളുത്തിയും പടക്കം പൊട്ടിച്ചും പ്രതിരോധം തീർത്തുവെങ്കിലും ഫലമുണ്ടായില്ല. വിവരമറിഞ്ഞ് വനംവകുപ്പ് സംഘവും സ്ഥലത്തെത്തി. നാട്ടുകാരുടെ സഹായത്തോടെ രാത്രി 7.30മണിയോടെ ആനക്കൂട്ടത്തെ ഉൾക്കാട്ടിലേയ്ക്ക് ഓടിച്ചു. ആൾക്കൂട്ടം പിന്മാറിയതിന് പിന്നാലെ 9 മണിയോടെ ആനക്കൂട്ടം സോളാർ വേലി തകർത്ത് നാട്ടിലിറങ്ങി നെയ്യംകയം നാരായണൻ നായർ, കുഞ്ഞമ്പു നായർ എന്നിവരുടെ തോട്ടങ്ങളിൽ വൻ നാശം വിതച്ചു. വിവരമറിഞ്ഞ് സമീപ പ്രദേശങ്ങളിൽ നിന്നടക്കമുള്ള ആൾക്കാർ സ്ഥലത്തെത്തി. വനംവകുപ്പിന്റെ ദ്രുതകർമ്മസേനയും നാട്ടുകാരും വീണ്ടും ആനകളെ കാട്ടിലേയ്ക്ക് തുരത്താൻ ഉള്ള ശ്രമം ആരംഭിച്ചു. എന്നാൽ കാടുകയറാൻ മടിച്ച ആനക്കൂട്ടം ആൾക്കാർക്ക് നേരെ തിരിഞ്ഞതോടെ യഥാർത്ഥത്തിൽ കാനത്തൂർ വനമേഖലയിൽ 'വനയുദ്ധ'ത്തിന് സമാനമായ സ്ഥിതി വിശേഷം ഉണ്ടായി. എന്തും സംഭവിച്ചേക്കാമെന്ന ഭീതിയും ഉയർന്നു. രാത്രി 12.30 ആകുമ്പോഴേക്കും പടക്കവും പന്തവും ചൂട്ടും അടക്കമുള്ള എല്ലാ പ്രതിരോധ സാമഗ്രികളും തീർന്നിരുന്നു.

ഒടുവിൽ ദ്രുത കർമ്മസേനാംഗമായ എം ബി രാജു വലിയ ടോർച്ചുമായി ആനക്കൂട്ടത്തിന് നേരെ നടന്നു നീങ്ങി. ശക്തമായ വെളിച്ചം കണ്ണുകളിൽ തറച്ചതോടെ ആനകൾ പിൻവാങ്ങിതുടങ്ങി. അപ്പോഴേക്കും സമയം ഒരു മണി ആയിരുന്നു. എന്നാൽ നെയ്യംകയം പുഴക്കരയിലൂടെ നടന്ന് നീങ്ങിയ ആനകൾ എരിഞ്ഞിപ്പുഴ ഭാഗത്തേയ്ക്ക് നീങ്ങി. എരിഞ്ഞിപ്പുഴ പാലത്തിന് സമീപത്തെത്തിയ ആനക്കൂട്ടം ഏതു സമയത്തും ജനവാസ മേഖലകളിലേയ്ക്ക് കയറിയേക്കുമെന്ന സ്ഥിതി വന്നതോടെ പാലത്തിന് മുകളിൽ തമ്പടിച്ച ആൾക്കൂട്ടം ബഹളം ഉണ്ടാക്കിയതോടെ ആനക്കൂട്ടം പുലർച്ചെ നാലുമണിയോടെ കുണ്ടൂച്ചി വനമേഖലയിലേയ്ക്ക് കയറി.

ഇപ്പോഴും കുണ്ടൂച്ചി വനത്തിൽ തമ്പടിച്ച് ചിന്നം വിളിച്ചു നിൽക്കുന്ന ആനക്കൂട്ടം ഏതു സമയത്തും ഇറങ്ങി വന്നേക്കാമെന്ന ഭീതിയിലാണ് നാട്ടുകാർ. ആനകളെ ഉൾക്കാട്ടിലേയ്ക്ക് ഓടിക്കാനുള്ള നടപടി ഇന്നും തുടരുമെന്ന് അധികൃതർ അറിയിച്ചു.

നെയ്യംകയത്ത് എത്തിയ കാട്ടാനയെ ഓടിക്കാൻ എത്തിയ ദ്രുതകർമ്മ സേനയും ആറളത്ത നിന്ന് എത്തിയ സംഘവും റേഞ്ചർ അനിൽകുമാറിനൊപ്പം.

വാരാന്ത്യ
കാരവൽ
2020 ഒക്ടോബർ 24 ശനി

തെയ്യക്കാർ അതിജീവനത്തിന്റെ കനൽ വഴിയിൽ

യു.കെ.ദിനേശൻ

''ഉടുക്കുന്ന തുകിലിനും കുടിക്കുന്ന കഞ്ഞിക്കും ഊനം കൂടാതീട്ട് തക്കവണ്ണം കാത്തു പോന്നീട്ടുണ്ടല്ലോ...

ഈശ്വരൻ....''

മഞ്ഞൾ പ്രസാദം ഉള്ളം കൈയ്യിൽ വെച്ച് അനുഗ്രഹിക്കുന്ന തെയ്യങ്ങളുടെ മൊഴി-മറ്റെന്തിനെക്കാളും ഭക്തർ കേൾക്കാൻ കൊതിക്കുന്നതാണിത്.

പക്ഷേ, ഭക്തമാനസങ്ങൾക്ക് അനുഗ്രഹം ചൊരിയുകയും അതിലവരെ ആശ്വാസം കൊള്ളിപ്പിക്കുകയും ചെയ്യുന്ന ദൈവക്കോലമായി അവതരിക്കുന്ന തെയ്യാട്ടക്കാരുടെ ദുരിതം, ഈ മഹാമാരിയുടെ കാലത്ത് പറഞ്ഞറിയിക്കാൻ കഴിയാത്തതാണ്.ഉത്തരമലബാറിലെ തെയ്യങ്ങൾ സങ്കടക്കടലിൽപ്പെട്ടുഴലുകയാണ്. ഈ ദുരിതകാലത്ത് തെയ്യം കുലത്തൊഴിലായി സ്വീകരിച്ച ഒരുകൂട്ടം മനുഷ്യർ എങ്ങനെ തരണം ചെയ്യുന്നുവെന്ന് ആരും തിരിഞ്ഞുനോക്കുന്നില്ല.

തുലാംപത്ത് പിറക്കുന്നതോടെ കാവുകളും കഴകങ്ങളും ക്ഷേത്രമുറ്റങ്ങളും തറവാടുകളും ഉണരേണ്ടതാണ്. ചെണ്ടയുടെ ദ്രുതതാളത്തിനൊത്ത് ചിലമ്പിട്ട കാലുകൾ ദൈവത്തറകളിലൂന്നി മഞ്ഞക്കുറി വാരിയെറിഞ്ഞ് ഭക്തമാനങ്ങളുടെ സങ്കടക്കണ്ണീരൊപ്പാൻ ദൈവങ്ങൾ വിണ്ണിലേക്കിറങ്ങിവരേണ്ടകാലം. പഞ്ഞമാസങ്ങളിലെ ദുരിത ജീവിതത്തിന് അറുതി വരുത്തി സാധാരണ ജീവിതത്തിലേക്ക് തെയ്യം കലാകാരന്മാരെ നടത്തിക്കുന്ന കാലം. എന്നാൽ കോവിഡ് എന്ന മഹാമാരിക്ക് മുന്നിൽ തെയ്യങ്ങൾ പോലും പകച്ചു നിൽക്കുന്ന കാലമായി ഇത് മാറുമ്പോൾ തെയ്യം കലാകാരന്മാരുടെ ജീവിതം വറചട്ടിയിലേക്ക് ആഴ്ന്നു പോവുകയാണ്. കോവിഡ് മഹാവ്യാധിക്ക് മുന്നിൽ സർക്കാർ നിയന്ത്രണങ്ങൾ കർക്കശമാക്കിയതോടെ ഇക്കുറി കളിയാട്ടമുണ്ടാവില്ലെന്ന് ഉറപ്പായി. ഇതോടെ അതിജീവനത്തിന്റെ പുതിയ മാർഗ്ഗം തേടി നടക്കുകയാണ് തെയ്യാട്ടക്കാർ.

കഴിഞ്ഞ മുപ്പത് വർഷക്കാലമായി തെയ്യത്തിന്റെ അരങ്ങിലുടെയും അണിയറയിലുടെയും ശ്രദ്ധേയനായ തെയ്യംകാരനാണ് പ്രശസ്തനായ പുത്തിലോട്ടെ രാജീവൻ നേണിക്കം. ഈ തെയ്യം കലാകാരന്റെ അതിജീവനത്തിന്റെ പുതിയ വേഷം ഇപ്പോൾ തേപ്പ് പണിക്കാരന്റേതാണ്. ഉത്തരമലബാറിലെ തെയ്യം കലാകാരന്മാരുടെ നേർക്കാഴ്ച കൂടിയാണ് രാജീവൻ നേണിക്കത്തിന്റെ ഈ വേഷപ്പകർച്ച.

പതിനേഴാം വയസ്സിൽ തെയ്യംകെട്ടി അരങ്ങിലെത്തിയ രാജീവൻ മുപ്പതാം വയസ്സിലാണ് നേണിക്കമായി ആചാരപ്പെട്ടത്. ഇപ്പോൾ വയസ്സ് 46.

നീലേശ്വരം രാജാവ് സമ്മാനിച്ച ആചാരമുദ്രയായ കച്ചും ചുരികയും അഴിച്ചു വെച്ച് ഇപ്പോൾ കാലത്ത് എഴുന്നേറ്റ് കൈക്കോട്ടും ചട്ടിയുമെടുത്ത് നടന്നു നീങ്ങുകയാണ് അതിജീവനത്തിന്റെ പുതിയ മാർഗ്ഗം തേടി രാജീവൻ.കൽപ്പന കളിയാട്ടങ്ങളും പ്രാർത്ഥനാ കളിയാട്ടങ്ങളും മുടങ്ങിയപ്പോൾ ജീവിതം വഴിമുട്ടി. മറ്റ് തൊഴിലെടുത്തില്ലെങ്കിൽ ജീവിതം മുന്നോട്ട് പോവില്ലെന്ന തിരിച്ചറിവിലാണ് രാജീവൻ നിർമ്മാണ തൊഴിലിനിറങ്ങിയത്. ഇപ്പോൾ തേപ്പു പണിയിലെ കൈപ്പുണിക്കാരനാണ്. ദിവസം 650 രൂപ കൂലി കിട്ടും. തുടക്കത്തിൽ പ്രയാസപ്പെട്ടുവെങ്കിലും ഇപ്പോൾ പൊരുത്തപ്പെട്ടുവെന്ന് രാജീവൻ നേണിക്കം അൽപ്പം സങ്കടത്തോടെയാണെങ്കിലും പറയുന്നു.

ദൈവം പോലും മുട്ടുമടക്കിയ ശരീരമാണ് രാജീവൻ നേണിക്കത്തിന്റേത്. പക്ഷേ, തേപ്പ് പണിക്ക് മുന്നിൽ ഈ ശരീരം കീഴടങ്ങുകയാണ്. ഏറെ പ്രയാസപ്പെട്ടാണ് ഈ പണി ചെയ്യുന്നത്. എന്തു ചെയ്യാം. ജീവിതമല്ലേ, തോറ്റു കൊടുക്കാനാവില്ലല്ലോ.....

പതിനേഴാം വയസ്സിൽ തൃക്കരിപ്പൂർ നടക്കാവ് മുണ്ട്യക്കാവ് ക്ഷേത്രത്തിൽ കാർന്നോൻ തെയ്യം കെട്ടിയാണ് രാജീവൻ നേണിക്കത്തിന്റെ അരങ്ങേറ്റം. പിന്നീടങ്ങോട്ട് നിരവധി തെയ്യക്കോലങ്ങളിൽ പ്രത്യക്ഷപ്പെട്ടു. മുഖത്തെഴുതി അണിയലങ്ങൾ അണിഞ്ഞ് അരങ്ങിലെത്തുന്ന രാജീവന്റെ തെയ്യം ഭക്തമാനസങ്ങളെ ഭക്തിയിലാറാടിക്കുന്നതാണ്. രാജീവൻ നേണിക്കം കെട്ടിയാടുന്ന പ്രശസ്തമായ തെയ്യമാണ് ക്ഷേത്രപാലകൻ. എന്നും വളരുന്ന പിടി മീശയും തൂക്ക് താടിയും തലക്ക് മുകളിലെ മഹാകാശത്തിലേക്കുയർന്ന കാർക്കോടകപത്തിയെ സങ്കൽപ്പിക്കുന്ന ക്ഷേത്രപാലകനീശ്വരനെ കെട്ടിയാടിക്കുന്നത്. രാജീവൻ നേണിക്കത്തിന്റെ ഈ തെയ്യരൂപം അതിമനോഹരമാണ്.

രാജീവൻ നേണിക്കം തേപ്പു പണിയിൽ

അമ്മാവൻ പയ്യന്നൂർ തളിലപ്പൻ മുമ്പേ, മുപ്പതിനായിരം പ്രഭുക്കന്മാർക്കും ആയിരത്തിരുന്നൂറ് നായന്മാർക്കും നല്ലതിനെ ചൊല്ലിക്കൊടുക്കുന്ന താടിവെച്ച തുമ്പുരാനാണ് ക്ഷേത്രപാലകൻ. തുളുനാട്ടിലെ നായന്മാരുടെ തൊണ്ടച്ചനാകാൻ പൊൻ മുടിയേന്താൻ സാമൂതിരിക്കോലോത്തു നിന്നും വടക്കൻ പെരുമയിലേക്ക് കീഞ്ഞവൻ. തുളുനാടിന്റെയും ഹൃദയവാഹിനിയായ ഒളോറ പുഴയുടെയും കാര്യങ്കോട് പുഴയുടെയും വിളിയിലേക്കിറങ്ങി നടന്ന ദൈവം. താംബൂല ഗന്ധവും മണ്ണ് തിളച്ച ചിറ്റേനിച്ചോറും പറങ്കിമാങ്ങയിലെ രണവീര്യവും മധുരക്കള്ളിലെ മദപ്പാടും കൊതിച്ച അങ്കച്ചേകോൻ. നാടുകടത്തപ്പെട്ട പെണ്ണിന് തുണയായ പടനായകൻ. അള്ളടം രാജ്യത്തിന്റെ ശിൽപ്പി. അങ്ങനെ... അങ്ങനെ... വിശേഷണങ്ങൾ പലതാണ് ക്ഷേത്രപാലകനീശ്വരന്. അങ്ങനെ മലനാടിന്റെ അഭിമന്യുപ്രഭുവിന്റെ കോലധാരി ഇപ്പോൾ മണ്ണിലും പൊടിയിലും സിമന്റ് കുഴക്കുകയാണ്. അതിജീവനത്തിന്റെ പുതിയ മാർഗ്ഗം തേടി. നിരവധി അമ്മ ദൈവക്കോലങ്ങളും രാജീവൻ കെട്ടിയാടിയിട്ടുണ്ട്. ഇതിൽ പ്രധാനമാണ് കമ്മാടത്തമ്മ എന്ന് വിളിക്കുന്ന ഭണ്ഡിയങ്ങാനത്ത് ഭഗവതി, പാടാർകുളങ്ങര ഭഗവതി, പെരളത്ത് ഭഗവതി തുടങ്ങിയവ. അടുത്ത കാലത്ത് പെരുങ്കളിയാട്ട മഹോത്സവം നടന്ന വടയന്തൂർ കഴകത്തിൽ വടക്കത്തി ഭഗവതിയുടെ കോലമണിഞ്ഞും രാജീവൻ നേണിക്കം രംഗത്തെത്തിയിട്ടുണ്ട്.

തെയ്യം കലാകാരനായ പരേതനായ കോരൻ-നാരായണി ദമ്പതികളുടെ മകനാണ് രാജീവൻ നേണിക്കം. ഷീബയാണ് ഭാര്യ. വിദ്യാർത്ഥികളായ അഞ്ജലി, അർജുൻ എന്നിവർ മക്കളാണ്.

കോവിഡ് മഹാമാരിക്ക് മുന്നിൽ ജീവിതം വഴി മുട്ടിയപ്പോൾ സർക്കാരിന്റെ ഭാഗത്തു നിന്നും യാതൊരു ആനുകൂല്യവും ലഭിച്ചില്ലെന്ന പരാതി തെയ്യം കലാകാരന്മാർക്കുണ്ട്. ശക്തമായ സംഘടനാ സംവിധാനങ്ങളോ പൊതു സ്വീകാര്യനായ നേതാവോ തെയ്യക്കാർക്കില്ല. തെയ്യക്കാരുടെ സാമൂഹികമായ ഉന്നമനം എന്നത് ഇവിടുത്തെ രാഷ്ട്രീയ പാർട്ടികളുടെ വിഷയമേ അല്ല. ഇപ്പോൾ ജീവിക്കാനുള്ള ഒരു തൊഴിലാണ് പ്രധാനം. കാവുകളും ക്ഷേത്രങ്ങളും എന്നുണരുമെന്ന് ഇവർക്കറിയില്ല. ആ കാലം വരാൻ പ്രാർത്ഥിക്കുകയാണ് ഇവർ. കോവിഡ് എന്ന മഹാമാരി ജീവിതം ദുരിതമാക്കിയത് ഇവരുടേത് മാത്രവുമല്ല. ഏതായാലും പ്രത്യാശകളുടെ നാളുകളിലൊന്നിൽ കാവുകളും ക്ഷേത്രങ്ങളും ഉണരുന്നതും കാൽച്ചിലമ്പൊച്ച മുഴങ്ങുന്നതും കേൾക്കാൻ തെയ്യം കലാകാരന്മാർക്കൊപ്പം നമുക്കും പ്രതീക്ഷിക്കാം. □

കഥ

കണ്ണട

എന്നും കണ്ണട വെയ്ക്കുമ്പോൾ കണ്ണുകൾ കുഴിയിലേക്ക് പോകുന്നു എന്ന് പരാതി പറയുന്ന സഹധർമ്മിണിയോട് ഒഴിവുകിഴിവുകൾ പറഞ്ഞു ഞാൻ മടുത്തു. ഒടുവിലവൾ ചോദിച്ചു: ശരി, പകലു നിങ്ങൾ കണ്ണട വെയ്ക്കുന്നു ഞാൻ സമ്മതിക്കാം. പക്ഷെ, രാത്രി ഉറങ്ങുമ്പോൾ നിങ്ങളെന്തിനാ കണ്ണട വെയ്ക്കുന്നത്...? ചോദ്യം കേട്ട് പകച്ചുപോയി എന്റെ ഭാഗ്യം. എങ്കിലും നാക്കിനിത്തിരി നീളം കൂടുതലുള്ളതിനാൽ ഉത്തരം നൽകുവാൻ നമുക്കൊരു പാട് വാക്കുകളുണ്ടല്ലോ. ഞാൻ പറഞ്ഞു: എടീ പൊട്ടിപ്പെണ്ണേ ഉറക്കത്തിൽ കണ്ണട വെക്കുന്നതിന്റെ ഗുട്ടൻസ് നിനക്കിതുവരെ പിടികിട്ടിയില്ലേ...? ഉറക്കത്തിൽ നമ്മുടെ സ്വപ്നത്തിൽ എന്തൊക്കെ കടന്നുവരും അപ്പോഴൊക്കെ ഞാൻ കണ്ണട തപ്പി നടന്നാൽ എന്റെ സ്വപ്നം താറുമാറാവില്ലേ...? ഒരു കറണ്ടു ബില്ലു സ്വപ്നത്തിൽ വന്നാൽ ഞാനെന്തു ചെയ്യും...? ഇച്ചിരിപ്പോന്ന അക്ഷരമുള്ള കറന്റ് ബില്ല് കണ്ണടയില്ലാതെ ഞാനെങ്ങിനെ വായിക്കും...? എങ്ങിനെയടക്കും...? പിന്നെ നമ്മൾക്ക് ആരെങ്കിലും ഒരു പ്രണയലേഖനം സ്വപ്നത്തിൽ ചെറിയ അക്ഷരത്തിൽ എഴുതി അയച്ചാൽ നമ്മളെങ്ങിനെ വായിക്കും....കറന്റ് ബില്ല് അവൾക്ക് പ്രശ്നമില്ലായിരുന്നു പ്രണയലേഖനം എന്ന് കേട്ടപ്പോൾ അവളിൽ ഉറങ്ങിക്കിടന്ന ഭാര്യയും സ്ത്രീയും എല്ലാം സടകുടഞ്ഞെഴുന്നേറ്റു. എനിക്ക് രക്ഷപ്പെടാൻ വേറെ വഴിയുണ്ടായിരുന്നില്ലാ ..ഞാൻ പറഞ്ഞു എടീ പൊന്നേ നീയെനിക്ക് പണ്ടയച്ച പ്രേമലേഖനങ്ങൾ സ്വപ്നത്തിൽ വന്നാൽ വായിക്കാൻ ചേട്ടന് കണ്ണട വേണ്ടേ..? അതാണ് ഞാൻ പറഞ്ഞത് അല്ലാതെ. ...അയ്യേ അങ്ങിനെയല്ല. ഹോ ഭാഗ്യം അവളുടെ മുമ്പിൽ നിന്നും അങ്ങിനെ ഒരുവിധം രക്ഷപ്പെട്ടു പോരുമ്പോളാണ് അവളുടെ അടുത്ത ചോദ്യം, അല്ല ചേട്ടാ അപ്പോൾ ഈ മരിച്ചവർക്ക് കണ്ണട വെയ്ക്കുന്നത് എന്തിനാ...? ഇടിവെട്ടേറ്റതിനു മീതെ പാമ്പു കടിയേറ്റവനെപ്പോലെ നിൽക്കുമ്പോൾ ദേ അവളിതാ അതേ ചോദ്യം വീണ്ടും ചോദിക്കുന്നു. ഒട്ടും ശബ്ദമിടറാതെ പതറാതെ ഞാൻ പറഞ്ഞു: എടീ പെണ്ണൊക്കെ മരിച്ചു പോയവരിൽ ഒരുപാടുപേർ കണ്ണടയില്ലത്തതിനാൽ നരകത്തിൽ പോകേണ്ടി വന്നിട്ടുണ്ട്. കാരണം മരിച്ച് മേലോട്ട് ചെന്നാൽ സ്വർഗ്ഗത്തിന്റെയും നരഗത്തിന്റെയും കവാടങ്ങൾ തുറക്കുന്ന സംഗമസ്ഥലമുണ്ട്. അവിടെയൊരു ബോർഡുവെച്ചിട്ടുണ്ട്, അതും ചെറിയ അക്ഷരത്തിൽ എഴുതിയ ബോർഡ്. മുന്ന് സെക്കന്റുകൾ കൊണ്ട് ആ ബോർഡ് വായിച്ച് അവരവർക്ക് എങ്ങോട്ടാണ് പോകേണ്ടത് എന്ന് വായിച്ചു മനസ്സിലാക്കാൻ പറ്റാത്തവർക്ക് പിന്നെ നരകത്തിൽ തന്നെ പേകേണ്ടി വരും. അതായത് ഗോപി നരകം എന്നെഴുതിയാൽ നരഗത്തിലും ഗോപി സ്വർഗ്ഗം എന്നെഴുതിയാൽ സ്വർഗ്ഗത്തിലും പോകാം. മുന്ന് സെക്കന്റിൽ വായിച്ചു മനസ്സിലാക്കാൻ പറ്റിയില്ലെങ്കിൽ പിന്നെയവൻ നരകത്തിൽ കിടന്ന് ചക്രശ്വാസം വലിക്കണം. കണ്ണടയില്ലാതെ വായിക്കാൻ പറ്റാത്ത എത്രയെത്ര ജീവനുകളാണ് നരകത്തിൽ ഇന്ന് കിടന്നു പിടയുന്നത്.ഒരുവിധം പറഞ്ഞവസാനിപ്പിച്ചിട്ട് ഞാനവളെ ഒന്ന് പേടിച്ച് പേടിപ്പിച്ച് നോക്കിയപ്പോൾ അവൾ തുള്ളിച്ചാടി വന്ന് എന്നെ കെട്ടിപ്പിടിച്ച് പറയുകയാ....ചേട്ടാ നന്ദി ..നന്ദി....ചേട്ടൻ മരിച്ചാൽ എനിക്ക് ചേട്ടനെ കണ്ണടയില്ലാതെ മേലോട്ടയക്കണം എന്നിട്ട് ചേട്ടൻ ഇതുവരെ എനിക്ക് ചെയ്തു തന്ന എല്ലാ സഹായത്തിനും അവിടെ നരകത്തിൽ വെച്ച് ചേട്ടനെ എനിക്ക് സൽക്കരിക്കണം. എന്റെ ഭാര്യയുടെ നിറഞ്ഞ സ്നേഹം നേരിട്ടു കണ്ട് പകച്ചുപോയി ....എന്റെ യൗവ്വനം.

ഗോപിനാഥൻ പെരുമ്പള

ഞങ്ങളെ കാസ്രോട്

കവിത

സെരിപ്പു കൊടോഞ്ചി
(ഷറീഫ് കൊടവഞ്ചി)

ഞങ്ങളെ നാട്
കാസ്രോട്
എല്ലാരോടും
പിർസോല്ലോ
ഞങ്ങക്കെല്ലാരോടും
പിർസോല്ലോ
ജാതിബേദോ
ഇല്ലാതെ
ഒഗ്ഗട്ടായിക്കയ്യുന്ന
ഞങ്ങളെ തമ്മില്
ഗുൽമാലാക്കി
പിത്തിനപരത്താൻ
നോക്കിയർണ്ടാ

എന്നോടുമ്മ
ചെല്ലീനല്ലോ
കിബിറ് കാട്ടി
നടന്നർണ്ടാ
കെർണ്ണീപ്പൊന്നും
കളിച്ചർണ്ടാ
നമ്മക്കെല്ലാം
ഒടപ്പറപ്പല്ലേ
പടച്ചോനെ മറന്ന്
കളിച്ചർണ്ടാ
അയക്കുടി ചന്തു
കാക്കാനെപോലെ
പീറ്ററന്റെ മോനല്ലേ
ചോമാറുന്റെ
പുവ്വൻ കോയി
നബിദിനത്തിന്
അറുക്കണൊല്ലോ
സീത്തക്ക
തന്ന ബനീങ്ങ
പുളിയും കൂട്ടി
ബറബാക്കി
ബെറുഞ്ചോറ്
ബയറ്നൊർച്ചും
ബെയ്ക്കാലോ
ച്ചുക്രൂന്റെ കടച്ചിക്ക്
അരിക്കച്ചി
കൊടുത്താല്
പാല് മേങ്ങീറ്റ്
കുടിക്കാലോ

ഉമ്മാക്ക്
തീറേകൈനില്ല
കുഞ്ഞായിന്റിടിലെ
ടാക്കട്ടറെ കണ്ട്
തൂയിബെച്ച്
ബെർണോല്ലോ
ധർമ്മാസുത്രിയില്,

പോയിറാൻ കയില
നേർസ്വമാറ്
ബായ്യറിയും
ടാക്കട്ടർച്ചിന്റെ
ബംബ്ബും കിബ്റും
കണ്ടറാനെനിക്ക്
ആബേലപ്പാ
പജീത്തിയായൊരു
ആസുത്രി
ഓക്കാനം
ബിടിയോളം
കണ്ടിറ്റ്
കുസാലാക്കി

പുവ്വാലോ
മുടുടുപ്പ്നേരത്ത്
സൂര്യൻ കടലില്
ബുന്നത്
കാണാൻ
എന്തൊരുപാങ്ങ്
ചങ്ങായിമാരെ,
പുള്ളറെ ബെഗ്ടും
ബയസറെ
പൊയത്തളം

ഞങ്ങക്കാകെ
പൊൽസാന്ന്,
ഞങ്ങളെ ബാസെ
തിരിയോ തെക്കറെ
ഞങ്ങൾക്കീടെ
പല കോലം,
കർണാട

മലയാള
കരാടയും
തുളു മാറാട്ടി
കൊങ്ങിണിയും
ഹിന്ദുസ്ഥാനി
ഇംഗ്ലീസും
അറബി
കൊടക്
അങ്ങനെയങ്ങനെ
ചെർങ്ങനെല്ലം
ഞങ്ങക്കറിയും
ഇതല്ലം കൂട്ടി
ചാമ്പാറ് പോലെ
ഞങ്ങള് ബിസിയം
പറയുമ്പോ
തെക്കമാറ്
പല്ലിളിക്കും
എളുതിയത്
അച്ചരം
സെരിയാല്ലാന്ന്
കളിയാക്കിയർണ്ടാ
ഞങ്ങക്കിങ്ങനെ
കുച്ചില്ലെ ബാസെ
മറ്റ്ള്ളോർക്ക്
തിരിയീലാ...
കോയി കെട്ടും
കമ്പളപ്പോത്തും
കർണാടക്കളിയും
തെയ്യംകെട്ടും
ഒപ്പനപ്പാട്ടും
കോൽക്കളിയും
പള്ളീലുള്ള ഉറുസ്സും
അമ്പലത്തിലെ
ബെടിക്കെട്ടും
ഞങ്ങക്കീടെ
പൗസാക്ക്.

(NB: കാസർകോട്ടെ മുസ്ലീം വീടുകളിലെ പഴയ ഗ്രാമ്യഭാഷ. അക്ഷരതെറ്റില്ല. തെറ്റായി തോന്നുതെല്ലാം ഗ്രാമ്യഭാഷാപ്രയോഗത്തിലെ ഉച്ചാരണങ്ങളാണ്)

നെൽകൃഷി വിളയിച്ച് നാട്ടുകാരുടെ കൂട്ടായ്മ

കുമ്പള: പത്ത് ഏക്കർ സ്ഥലത്ത് നെൽകൃഷി വിളയിച്ച് നാട്ടുകാരുടെ കൂട്ടായ്മ വിജയം കൊയ്തു. ഇച്ചിലംകോടാണ് ചാമുണ്ഡി പാടശേഖര സമിതിയുടെ നേതൃത്വത്തിൽ നെൽകൃഷി വിളയിച്ച് കൊയ്യാൻ പാകത്തിലായത്. നാടിന് തന്നെ മാതൃകയാവുന്ന തരത്തിലാണ് കൃഷി നടത്തിയത്. സ്വകാര്യ കോളേജ് പ്രിൻസിപ്പൽ ആയ ബന്തിയോട്ടെ വരദരാജ ഭണ്ഡാരിയുടെയും ഹോട്ടൽ ഉടമ സദാനന്ദ ഭണ്ഡാരിയുടെയും നേതൃത്വത്തിലാണ് നാട്ടുകാരുടെ കൂട്ടായ്മയിൽ നെൽകൃഷി വിളയിച്ചത്. കോവിഡിന്റെ തുടക്ക കാലത്താണ് കാലത്താണ് കൃഷി ഇറക്കിയത്. ഇപ്പോ ൾ അത് കൊയ്യാൻ പാകത്തിലായി.

അപേക്ഷ ക്ഷണിച്ചു

കാസർകോട്: സാധുക്കളായ വിധവകൾ, നിയമപരമായി വിവാഹമോചനം നേടിയവർ എന്നിവരുടെ പുനർവിവാഹത്തിന് ധനസഹായം നൽകുന്ന മംഗല്യ പദ്ധതി പ്രകാരം അപേക്ഷ ക്ഷണിച്ചു. പുനർവിവാഹം നടന്ന് ആറ് മാസം തികയാത്ത മുൻഗണനാ വിഭാഗത്തിൽപ്പെട്ട 18നും 50നും ഇടയിൽ പ്രായമുള്ള വനിതകൾക്ക് അപേക്ഷിക്കാം. അപേക്ഷാ ഫോമുകളും വിശദവിവരങ്ങളും വനിത ശിശു വികസന വകുപ്പിന്റെ wcd.kerala.gov.in എന്ന വെബ്സൈറ്റിലും എല്ലാ ശിശു വികസന പദ്ധതി ഓഫീസുകളിലും ലഭ്യമാണ്. അപേക്ഷ നവംബർ 20 നകം ശിശു വികസന പദ്ധതി ഓഫീസുകളിൽ സമർപ്പിക്കണം.

വിജയികളെ പ്രഖ്യാപിച്ചു

കാസർകോട്: ദേശീയ നേത്രദാന പക്ഷാചരണത്തോടനുബന്ധിച്ചു ജില്ലാ മെഡിക്കൽ ഓഫീസ് ദേശീയ ആരോഗ്യ ദൗത്യം, ജില്ലാ അന്ധതാ നിയന്ത്രണ പരിപാടി എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി 'നേത്രദാനം മഹാദാനം'എന്ന വിഷയത്തിൽ നടത്തിയ പോസ്റ്റർ രചനാമത്സര വിജയികളെ പ്രഖ്യാപിച്ചു. ഒന്നാം സ്ഥാനം: ആദിത്യൻ.പി (ദുർഗ്ഗ എച്ച്.എസ്എസ് കാഞ്ഞങ്ങാട്) രാം സ്ഥാനം-ഹരികൃഷ്ണൻ. കെ (ബെല്ല ഈസ്റ്റ് ഹയർസെക്കൻഡറി സ്കൂൾ), മൂന്നാം സ്ഥാനം: ആര്യ.എ (ഗവ.ഹയർ സെക്കറി, കുണ്ടംകുഴി).

കുടുംബശ്രീ തൊഴിൽ പരിശീലന കേന്ദ്രങ്ങൾക്ക് അനുമതി

കാസർകോട്: കുടുംബശ്രീ തൊഴിൽ പരിശീലനത്തിന് ഒരു യൂണിറ്റിൽ പരമാവധി ഇരുപത് പേരെ ഉൾപ്പെടുത്തി കോ വിഡ് മാനദണ്ഡങ്ങൾ പാലിച്ച് പ്രവർത്തിക്കാവുന്നതാണെന്ന് കളക്ടർ അറിയിച്ചു.

ഉദ്ഘാടനം ചെയ്തു

നീലേശ്വരം: നീലേശ്വരം നഗരസഭ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചിറപ്പുറത്ത് നിർമ്മിച്ച സാംസ്ക്കാരിക നിലയം നഗരസഭാ ചെയർമാൻ പ്രൊഫ. കെ.പി. ജയരാജൻ ഉദ്ഘാടനം ചെയ്തു. 10 ലക്ഷം രൂപ ചിലവിലാണ് സാംസ്ക്കാരിക നിലയം പണി കഴിപ്പിച്ചിട്ടുള്ളത്.വി.ഗൗരി, പി. രാധ, തോട്ടത്തിൽ കുഞ്ഞിക്കണ്ണൻ, പി.പി. മുഹമ്മദ് റാഫി, പി.വി.രാമചന്ദ്രൻ, കെ.വി. സുധാകരൻ, പി.ഭാർഗ്ഗവി, കെ.വി. ദാമോദരൻ, പി.വി. സതീശൻ, കെ.വി. സേതുമാധവൻ, ഒ. വി. രവീന്ദ്രൻ, ബി.വിജയകുമാർ, പി.എം. ചന്ദ്രൻ സംസാരിച്ചു.

അനുമോദിച്ചു

ആലംപാടി: കേന്ദ്ര സർവ്വകലാശാല എം എ മലയാളത്തിൽ മൂന്നാം റാങ്ക് നേടി നാടിന് അഭിമാനമായ ഹസീന യാസ്മിനെ ആസ്ക്ക് ആലംപാടി ആദരിച്ചു. മുസ്തഫ ഹാജി, ബഷീർ എം എം, നിസാർ പി എം, നസീർ ബിസ്മില്ല, സലീം ആപാസ് തുടങ്ങിയർ സംബന്ധിച്ചു.

മികച്ച ചികിത്സ തൊട്ടടുത്ത് ലഭ്യമാക്കാൻ പദ്ധതികളാരംഭിച്ചു: മന്ത്രി

കാസർകോട്: കാസർകോട് വികസന പാക്കേജിൽ ഉൾപ്പെടുത്തി വെസ്റ്റ് എളേരി പഞ്ചായത്തിലെ നർക്കിലക്കാട് കുടുംബാരോഗ്യകേന്ദ്രത്തിൽ നിർമ്മിച്ച പുതിയ കെട്ടിടം മന്ത്രി കെ കെ ശൈലജ ഉദ്ഘാടനം ചെയ്തു. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറിയതോടെ ഏത് സമയത്തും തൊട്ടടുത്തു മികച്ച ചികിത്സ ലഭ്യമാകുന്ന സാഹചര്യത്തിലേക്ക് നമ്മൾ മാറിക്കഴിഞ്ഞു. കഴിഞ്ഞ നാലര വർഷത്തിനിടെ നമ്മുടെ ആരോഗ്യ മേഖലക്ക് വലിയ മാറ്റമാണ് ഉണ്ടായതെന്നും ഇതിന്റെ ഗുണഭോക്താക്കൾ ജനങ്ങളാണെന്നും മന്ത്രി പറഞ്ഞു. കാസർകോട് വികസന പാക്കേജിൽ രണ്ടു കോടി രൂപ ചിലവിലാണ് ആശുപത്രിയുടെ പുതിയ രണ്ടു നില കെട്ടിടം തയ്യാറായത്. ആശുപത്രിയിലെ ചികിത്സാ സൗകര്യം വർധിക്കുമ്പോൾ പട്ടിക വർഗ വിഭാഗം കൂടുതലുള്ള വെസ്റ്റ് എളേരി പഞ്ചായത്തിലെ ജനങ്ങൾക്ക് മികച്ച ചികിത്സയും പരിചരണവും ഉറപ്പാകും.- മന്ത്രി പറഞ്ഞു.

കേരളത്തിൽ ആദ്യമായി നാഷണൽ ക്വാളിറ്റി അഷൂറൻസ് സ്റ്റാൻഡേർഡ് നിലവാരത്തിലേക്ക് എത്തിയ ആശുപത്രിയാണ് നർക്കിലക്കാട് കുടുംബാരോഗ്യ കേന്ദ്രം. 1971 ൽ റൂറൽ ഡിസ്പൻസറിയായി പ്രവർത്തനമാരംഭിച്ച ഈ ആശുപത്രി 1980 ലാണ് പ്രാഥമികാരോഗ്യ കേന്ദ്രമായി മാറിയത്. 2004ൽ മുഴുവൻ പ്രാഥമിക ആരോഗ്യ കേന്ദ്രമാവുകയും 2018 ൽ ആർദ്രം പദ്ധതിയിലുൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായും ഉയർന്നു. 2016 ൽ കായകല്പ അവാർഡും 2018 ൽ ദേശീയ പുരസ്കാരവും ലഭിച്ചു. 2019 ൽ മികച്ച മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സംസ്ഥാന പുരസ്കാരവും മലയോരത്ത് മികച്ച ചികിത്സ ഉറപ്പാക്കുന്ന ഈ ആതുരാലയത്തിനായിരുന്നു- മന്ത്രി കൂട്ടിച്ചേർത്തു. എം രാജഗോപാലൻ എംഎൽഎ ആധ്യക്ഷം വഹിച്ചു. രാജ്മോഹൻ ഉണ്ണിത്താൻ എം പി, ജില്ലാ കളക്ടർ ഡോ ഡി സജിത് ബാബു എന്നിവർ മുഖ്യാതിഥികളായി. പരപ്പ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി രാജൻ, ആർ സി എച്ച് ഓഫീസർ ഡോ മുരളീധരൻ നല്ലൂരായ, വെസ്റ്റ് എളേരി പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ടി കെ സുകുമാരൻ, ബിന്ദു ഭാസ്ക്കരൻ, ടി കെ ചന്ദ്രമ്മ, ടി എം ചന്ദ്രൻ, എ അപ്പൂക്കുട്ടൻ, സ്കറിയ എബ്രഹാം, സി പി സുരേശൻ, പ്രസീത രാജൻ, ഡോ ഷിനിൽ സംസാരിച്ചു.

കേരളം വീണ്ടും സഞ്ചാരികളുടെ പറുദീസയാകും: മുഖ്യമന്ത്രി

കാസർകോട്: കോവിഡിനെ തുടർന്ന് പ്രതിസന്ധിയിലായ ടൂറിസം രംഗം വീണ്ടും കുതിച്ചുയരുമെന്നും കേരളം വീണ്ടും സഞ്ചാരികളുടെ പറുദീസയാകുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സംസ്ഥാനത്തെ 14 ജില്ലകളിലായി പൂർത്തീകരിച്ച 26 ടൂറിസം പദ്ധതികളുടെ ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. നമ്മുടെ ടൂറിസം വലിയ നേട്ടങ്ങൾ കൈവരിക്കുന്ന സാഹചര്യത്തിലാണ് കോവിഡ് വെല്ലുവിളി വന്നതെന്നും 25000 കോടി രൂപയുടെ നഷ്ടമാണ് ഈ മേഖലയിൽ മാത്രം സംസ്ഥാനത്ത് ഉണ്ടായതെന്നും മുഖ്യമന്ത്രി പറഞ്ഞു. അതോടൊപ്പം വലിയ തോതിലുള്ള തൊഴിൽ നഷ്ടവും ഉണ്ടായി. എന്നാൽ കോവിഡ് പ്രോട്ടോകോൾ കർശനമായി പാലിച്ച് ടൂറിസം കേന്ദ്രങ്ങൾ തുറന്ന് നൽകാൻ സർക്കാർ തയ്യാറായി. കോവിഡ് കാലം അതിജീവിക്കുന്നതോടെ ടൂറിസം രംഗത്ത് വലിയ നേട്ടം കൊയ്യാൻ കഴിയും എന്നതിൽ സംശയമില്ലെന്നും അതിന് ടൂറിസം മേഖലയെ പര്യാപ്തമാക്കുന്നതിനാണ് സർക്കാറിന്റെ 100 ദിന പദ്ധതികളിൽ ഉൾപ്പെടുത്തി 26 പദ്ധതികൾ ഉദ്ഘാടനം ചെയ്യുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

കേന്ദ്ര സർക്കാരിന്റെ കർഷക ദ്രോഹ നടപടിയിൽ പ്രതിഷേധിച്ചു ജനതാദൾ (എസ്) കാസർകോട് മണ്ഡലം കമ്മിറ്റി ഹെഡ് പോസ്റ്റ് ഓഫീസിനു മുന്നിൽ നടത്തിയ ധർണ്ണ സംസ്ഥാന കമ്മിറ്റിയംഗം അബ്ദുൾ റഹിമാൻ ബാങ്കോട് ഉദ്ഘാടനം ചെയ്യുന്നു

ടാറ്റാ കോവിഡ് ആശുപത്രി തുറക്കാത്തതിൽ പ്രതിഷേധിച്ച് കോൺഗ്രസ് സമരം

ചട്ടഞ്ചാൽ: ടാറ്റാ കോവിഡ് ആശുപത്രി പണി പൂർത്തിയായി സർക്കാറിന് കൈമാറി മാസങ്ങളായിട്ടും തുറന്ന് കൊടുക്കാത്തതിൽ പ്രതിഷേധിച്ച് നവംബർ 2 ന് രാവിലെ 10 മുതൽ വൈകുന്നേരം 5 വരെ ഹോസ്പിറ്റൽ കെട്ടിടത്തിന് മുന്നിൽ ഉദുമ ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി ഉപവാസ സമരം നടത്തും. സർക്കാറിന് ഒരു രൂപ പോലും ചിലവില്ലാതെയാണ് 4 മാസം കൊണ്ട് ടാറ്റാ ഹോസ്പിറ്റൽ പൂർത്തീകരിച്ചത്. കോവിഡ് പോസിറ്റീവ് രോഗികൾ നാൾക്കുനാൾ വർദ്ധിക്കുമ്പോൾ ജില്ലാ ആശുപത്രിയെ കോവിഡാശുപത്രിയാക്കി മാറ്റി സാധാരണക്കാരായ ജനങ്ങളെ നേട്ടോട്ടമോടിക്കുന്ന ആരോഗ്യ വകുപ്പിന്റെ ദിശാബോധമില്ലാത്ത അവസ്ഥത ദയനീയമാണെന്ന് യോഗം കുറ്റപ്പെടുത്തി.

ഡി.സി.സി പ്രസിഡണ്ട് ഹക്കീം കുന്നിൽ യോഗം ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് കോൺഗ്രസ് പ്രസിഡണ്ട് സി. രാജൻ പെരിയ ആധ്യക്ഷം വഹിച്ചു. വി.ആർ. വിദ്യാസാഗർ, ഗീതാകൃഷ്ണൻ, ബാബു മണിയങ്ങാനം, എ.കെ.ശശിധരൻ, കെ.വി.ഭക്തവത്സലൻ, വി.കണ്ണൻ, വാസു മാങ്ങാട്, കൃഷ്ണൻ ചട്ടഞ്ചാൽ, ടി.രാമകൃഷ്ണൻ, എം.പി.എം.ഷാഫി, ബി. ബാലകൃഷ്ണൻ, സുകുമാരൻ പൂച്ചക്കാട്, ഭാസ്ക്കരൻ ചാലിങ്കാൽ സംസാരിച്ചു.

ഐ.എം.എ കാഞ്ഞങ്ങാട് ശാഖാ ഭാരവാഹികളുടെ സ്ഥാനാരോഹണ ചടങ്ങ്

സ്ഥാനാരോഹണം നടന്നു

കാഞ്ഞങ്ങാട്: ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ കാഞ്ഞങ്ങാട് ശാഖ ഭാരവാഹികളുടെ സ്ഥാനാരോഹണം നടന്നു. സംസ്ഥാന ഭാരവാഹി ഡോ. ബെനവൻ ജോസഫ് ഡോ.മണികണ്ഠൻ നമ്പ്യാരെ പ്രസിഡണ്ടായി സ്ഥാനാരോഹണം ചെയ്തു.ഐ.എം.എ കേരള പ്രസിഡണ്ട് ഡോ.എ ബ്രഹാം വർഗ്ഗീസ് ഉദ്ഘാടനം നിർവഹിച്ചു.

ഡോ. ഗോപികുമാർ,ഡോ. ശ്രീകുമാർ മുകുന്ദൻ ,ഡോ. ബാബു.കെ.വി. , ഡോ.സാമുവൽ കോശി, ഡോ.അജിത് ഭാസ്ക്കർ, ഡോ.മണികണ്ഠൻ നമ്പ്യാർ, ഡോ.ബാലസുബ്രഹ്മണ്യം, ഡോ.കെ.സി.കെ.രാജ, ഡോ.കൃഷ്ണകുമാരി, ഡോ. ടി.വി.പത്മനാഭൻ ഡോ.രാഘവൻ, ഡോ.പി.എം.സുരേഷ് ബാബു,ഡോ. ദീപിക കിഷോർ, ഡോ.വി.സുരേശൻ , ഡോ.രവീന്ദ്രൻ.കെ.ഒ,ഡോ. ഷക്കീൽ അൻവർ, ഡോ.നാരായണപ്രസാദ്, ഡോ.സുഗതൻ, ഡോ.രാഘവേന്ദ്രപ്രസാദ്, ഡോ. നാമദേവ ഷേണായ് എന്നിവർ സംസാരിച്ചു. ഡോ. കെ. ജി. പൈ സ്വാഗതവും ഡോ.വിനോദ് കുമാർ.പി നന്ദിയും പറഞ്ഞു.

ഭാരവാഹികൾ: ഡോ മണികണ്ഠൻ നമ്പ്യാർ (പ്രസി.), ഡോ.രാഘവൻ.എൻ ,ഡോ.രൂപ പൈ, (വൈസ് പ്രസി.) ഡോ.വിനോദ് കുമാർ.പി (സെക്ര.), ഡോ. പ്രജ്വൽ റാവു, ഡോ. ഷർമീന (ജോ.സെക്ര.)ഡോ. നാമദേവ ഷേണായി (ട്രഷ.).

ഹസീന യാസ്മിന് ആസ്ക്ക് ആലംപാടി നൽകിയ ആദരം

മഴ: റബ്ബർ കർഷകർക്ക് നിരാശ

ബന്തടുക്ക: മഴ തുടരുന്നത് റബ്ബർ കർഷകരെ ആശങ്കയിലാക്കുന്നു. സമീപകാലത്തൊന്നും ഇല്ലാത്ത നിലയിലേയ്ക്ക് വില ഉയർന്നിട്ടും ശരിയായ ടാപ്പിംഗ്, മഴ മൂലം തടസ്സപ്പെടുന്നതാണ് ആശങ്കക്ക് ഇടയാക്കുന്നത്. ഏതാനും മാസങ്ങൾക്കുള്ളിലെ ഏറ്റവും വലിയ നിലയിലാണ് ഇന്നലെ ഉണ്ടായത്. ഗ്രേഡ് ഫോർ ഷീറ്റുകൾക്കു 142 രൂപയാണ് വെള്ളരിക്കുണ്ട് മാർക്കറ്റ്വില. വരും ദിവസങ്ങളിലും വില വർധനവ് ഉണ്ടാകുമെന്നാണ് വിപണി വൃത്തങ്ങൾ നൽകുന്ന സൂചന. ലോകകമ്പോളത്തിൽ റബ്ബറിന്റെ വില ഉയർന്നതും ചൈന കൂടുതൽ സ്റ്റോക്ക് എടുക്കൽ തുടങ്ങിയതുമാണ് റബ്ബർ വില വർധനവിനു ഇടയാക്കുന്നതെന്നാണ് ഈ രംഗത്തുള്ള വിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്നത്.എന്നാൽ വില വർധനവ് പ്രതീക്ഷ നൽകുമ്പോഴും ഉല്പാദനം പ്രതികൂലമാക്കി മഴ തുടരുന്നതാണ് കർഷകരുടെ ആശങ്കയ്ക്കു കാരണം. തുടർച്ചയായി മഴ പെയ്യുന്നത് കാരണം ടാപ്പിംഗ് നടത്താൻ കഴിയാത്ത സ്ഥിതിയാണ് മരങ്ങൾ. ഇലകളൊന്നും കാര്യമായ രീതിയിൽ ഇല്ലാത്തതും റബ്ബർ ഷീറ്റ് ഉൽപ്പാദനത്തിനു വെല്ലുവിളിയായിട്ടുള്ളത്. മാനം തെളിഞ്ഞ് തണുപ്പ് അനുഭവപ്പെട്ടു തുടങ്ങിയാലേ ശരാശരി റബ്ബർ പാൽ ലഭിക്കുകയുള്ളൂവെന്നാണ് കർഷർ പറയുന്നത്.

നീലേശ്വരം ടൗൺ ഹാളിന് തറക്കല്ലിട്ടു

കോട്ടപ്പുറം: നീലേശ്വരം മുൻസിപ്പൽ ടൗൺ ഹാളിന് കോട്ടപ്പുറത്ത് എം രാജഗോപാൽ എം എൽ എ തറക്കല്ലിട്ടു. നഗരസഭ അനുവദിച്ച സ്ഥലത്ത് എംഎൽഎ ഫണ്ടിൽ നിന്നും ഒരു കോടി രൂപ ചെലവിലാണ് ടൗൺ ഹാൾ നിർമ്മിക്കുന്നത്. നഗരസഭാ അധ്യക്ഷൻ കെ പി ജയരാജന്റെ അദ്യക്ഷതയിൽ നടന്ന ചടങ്ങിൽ നഗരസഭ വൈസ് ചെയർപേഴ്സൺ വി ഗൗരി, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പി പി മുഹമ്മദ് റാഫി, കൗൺസിലർമാരായ എ കെ കുഞ്ഞികൃഷ്ണൻ, പി എം സന്ധ്യ, എം സജിത, എറുവാട്ട് മോഹനൻ, റസാഖ്, ശംസുദ്ധീൻ, ബകലകൃഷ്ണൻ, റഫീഖ്, ഇബ്രാഹിം പങ്കെടുത്തു.

നീലേശ്വരം മുൻസിപ്പൽ ടൗൺ ഹാളിന് കോട്ടപ്പുറത്ത് എം രാജഗോപാൽ എം എൽ എ തറക്കല്ലിടുന്നു

താന്നിയടി കുടിവെള്ള പദ്ധതി ഉദ്ഘാടനം ചെയ്തു

കാഞ്ഞങ്ങാട് :ഉദുമ നിയോജകമണ്ഡലത്തിലെ പുല്ലൂർ-പെരിയപഞ്ചായത്തിന്റെ ദാഹമകറ്റാൻ വിഭാവനം ചെയ്ത ജല നിധിയുടെ താന്നിയടി കുടിവെള്ള പദ്ധതിയുടെ ഉദ്ഘാടനം കെ കുഞ്ഞിരാമൻ എംഎൽഎ നിർവ്വഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ശാരദാ എസ് നായർ അധ്യക്ഷയായി. ഗുണഭോക്തൃ സമിതി സെക്രട്ടറി കെ പി അനിൽ കുമാർ റിപ്പോർട്ടവതരിപ്പിച്ചു.

പഞ്ചായത്ത് വൈപ്രസിഡന്റ് പി കൃഷ്ണൻ, പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാരായ ബി വി വേലായുധൻ, എം ഇന്ദിര, പഞ്ചായത്തംഗങ്ങളായ എ ഉഷ, ശശിധരൻ, കെ കുമാരൻ, വിവിധ കക്ഷിനേതാക്കളായ എ എം മുരളീധരൻ, ജോർജ്പൈനാപ്പള്ളിഎന്നിവർ സംസാരിച്ചു. ഗുണഭോക്തൃ സമതി പ്രസിഡന്റ് ജോസഫ് മുള്ളംകുഴി സ്വാഗതവും പഞ്ചായത്ത് സെക്രട്ടറി ജയൻ നന്ദിയും പറഞ്ഞു.

പ്രവാസികളുടെ സേവനം വിലമതിക്കാൻ ആവാത്തത്:എസ്.കെ.എസ്.എസ്.എഫ്

ബെദിര: കേരളത്തിൽ സമസ്ത ചെയ്യുന്ന പ്രവർത്തനത്തിന് പിന്നിൽ പ്രവാസികളുടെ പിന്തുണ എന്നും സ്മരിക്കപ്പെടുമെന്നും പ്രവാസികളുടെ സേവനം വിലമതിക്കാനാവാത്തതാണന്നും എസ് കെ എസ് എസ് എഫ് സംസ്ഥാന ജനറൽ സെക്രട്ടറി സത്താർ പന്തല്ലൂർ അഭിപ്രായപ്പെട്ടു എസ് കെ എസ് എസ് എഫ് ബെദിര ശാഖ സംഘടിപ്പിച്ച എഇഇ കമ്മിറ്റി പ്രഖ്യാപന ഓൺലൈൻ സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം, പ്രസിഡന്റ് സാലിം ബെദിര ആധ്യക്ഷം വഹിച്ചു. സംസ്ഥാന പ്രസിഡന്റ് സയ്യിദ് ഹമീദലി ശിഹാബ് തങ്ങൾ, ഫൈസൽ ഹുദവി, ഹമീദ് ഫൈസി ബെദിര, ഖത്തീബ് അഹമദ് ദാരിമി, വി.കെ മുശ്താഖ് ദാരിമി, ഹാരിസ് ദാരിമി ബെദിര, ഹമീദ് ബെദിര, എൻ.എം സിദ്ദീഖ് ബെദിര, ഹാരിസ് ബെദിര, ഖലീൽ കെ.എ, സലാഹുദ്ദീൻ ബെദിര, അബൂബക്കർ വലിയവളപ്പ്, സലാം ബംബ്രാണ, ഇബ്രാഹിം ചാല, ഇർഷാദ് ഹുദവി ബെദിര സംസാരിച്ചു.ഭാരവാഹികളായി: രക്ഷാധികാരികൾ: താജുദ്ധീൻ ബംബ്രാണി, സജീദ് കുഞ്ഞി മാഷ്, അബൂബക്കർ അബ്റാജ്, ഹസൈനാർ എൻ.എം മസാഹി, ബിഎംസി അബ്ദുള്ള, ദാവൂദ് ബി എം, കുഞ്ഞഹമ്മദ്, മുനീർ, (പ്രസി.): അബൂബക്കർ വലിയ വളപ്പ്, (ജന.സെക.): സലാം ബംബ്രാണി, (ട്രഷ.): ഇബ്രാഹിം ചാല, (വൈ.പ്രസി.) ഗഫൂർ പടുപ്പിൽ (സൗദി അറേബ്യ))ഷഫീഖ് ചാല സിക്കന്ദർ ബെദിര), സജീദ് ഓലത്തിരി, ഷരീഫ് ടി കെ, ഖലീൽ ബി എസ്, കാദർ സുൽത്താൻ നഗർ, ഹാരിസ് ഇസ്സത്ത്നഗർ, (ജോ.സെക്ര.): റഹീം ബിസ്മി (ഖത്തർ), റിയാസ് വലിയ വളപ്പ്, സാദിഖ് പടുപ്പിൽ, നിയാസ്, റഷീദ് ബി.എ, സലാം ബഹ്റൈൻ സലാഹുദ്ധീൻ വലിയ വളപ്പ് അബൂദാബിഫൈസൽ, എം.കെ.സിയാദ്.

താന്നിയടി കുടിവെള്ള പദ്ധതി കെ.കുഞ്ഞിരാമൻ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.

സംസ്ഥാന പുരസ്ക്കാരങ്ങൾക്ക് അപേക്ഷ ക്ഷണിച്ചു

കാസർകോട്: മികച്ച ഭിന്നശേഷി ജീവനക്കാർക്കും, തൊഴിൽ ദായകർക്കും, ഭിന്നശേഷി ക്ഷേമ രംഗത്ത് മികച്ച സേവനം കാഴ്ച വെച്ച സ്ഥാപനങ്ങൾക്കുള്ള 2020 വർഷത്തെ സംസ്ഥാന പുരസ്ക്കാരങ്ങൾക്ക് അപേക്ഷ ക്ഷണിച്ചു.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള കേന്ദ്ര, സംസ്ഥാന സർക്കാർ വകുപ്പുകൾ, പൊതുമേഖല സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, സ്വകാര്യ മേഖല സ്ഥാപനങ്ങൾ എന്നിവയിൽ ജോലി ചെയ്തുവരുന്ന കാഴ്ച പരിമിതിയുള്ളവർ ,കേൾവി സംസാര പരിമിതിയുള്ളവർ, അസ്ഥി സംബന്ധമായ വൈകല്യമുള്ളവർ, മാനസിക വെല്ലുവിളികൾ നേരിടുന്നവർ/ബുദ്ധി വൈകല്യം സംഭവിച്ചവർ എന്നീ വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്കും, പ്രസ്തുത മേഖലയിൽ ഏറ്റവും കൂടുതൽ ഭിന്നശേഷിക്കാർക്ക് തൊഴിൽ നൽകിയിട്ടുള്ള തൊഴിൽദായകർക്കും ഭിന്നശേഷി ക്ഷേമ രംഗത്ത് മികച്ച സേവനം അനുഷ്ഠിക്കുന്ന സ്ഥാപനങ്ങൾക്കും അപേക്ഷിക്കാം. ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ചേർന്നതാണ് പുരസ്കാരം. അപേക്ഷയോടൊപ്പം അപേക്ഷകന്റെ ഔദ്യോഗിക രംഗത്തെ പ്രവർത്തനം,മറ്റ് പ്രവർത്തന മണ്ഡലങ്ങളെ സംബന്ധിച്ച വിവരങ്ങൾ(സിഡിയിലും),വൈകല്യം തെളിയിക്കുന്നതിനുള്ള രേഖകൾ,പാസ്പോർട്ട് സൈസ് ഫോട്ടോ,വൈകല്യം ബോധ്യപ്പെടുത്തുന്ന രീതിയിലുള്ള ഫുൾസൈസ് ഫോട്ടോയും,സ്ഥാപനങ്ങളുടെ അപേക്ഷയിൽ അതിന്റെ പ്രവർത്തനങ്ങളും ഫോട്ടോയും സിഡിയും ഉൾപ്പെടുത്തണം. അപേക്ഷകൾ ഒക്ടോബർ 31 നകം ജില്ലാ സാമൂഹ്യ നീതി ഓഫീസിൽ ലഭിക്കണം.

എൽ. എസ്. ജി. ഡി സബ് ഡിവിഷൻ മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം

നമ്പർ: DL/TR/02/2020-21 തീയ്യതി: 23-10-2020

2020 – 21 കാലവർഷക്കെടുതികൾ – പ്രവൃത്തികൾക്ക് ഇ – ടെണ്ടർ ക്ഷണിക്കുന്നു

ഇ – ടെണ്ടർ : 1 പ്രവൃത്തികൾ

ഇ – ടെണ്ടർ ഫോറം വെബ്സൈറ്റിൽ

ലഭ്യമാവുന്ന തീയ്യതി : 27 – 10 – 2020, 4 മണി മുതൽ

ഇ – ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയ്യതി : 03 – 11 – 2020, 6.00 മണി വരെ

ഇ – ടെണ്ടർ തുറക്കുന്നത് : 06 – 11 – 2020, വൈകുന്നേരം 4 മണി.

വിശദ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ എൽ. എസ്. ജി. ഡി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും **www.tender.lsgdkerala.gov.in** എന്ന വെബ്സൈറ്റിൽ നിന്നും അറിയാവുന്നതാണ്.

വിശ്വസ്തതയോടെ
(ഒപ്പ്), അസിസ്റ്റന്റ് എഞ്ചിനീയർ

BEFORE THE ARBITRATOR MR. C.H.VISHNU BHAT,
ADVOCATE, B C ROAD JUNCTION, P.O.VIDYANAGAR, KASARAGOD.
OP NO.103/2019

Between:
Shriram Transport Finance Co.Ltd ..... Petitioner
V/S
Mrs.Usha.K & another ..... Respondents

Mrs. Usha.K, W/o.Ajayan, Kolavayal, Ajanur, Near We one club, Kolavayal, Kasaragod Dist.

Please take notice that, the above O P stands posted to 11-11-2020 at 3.00 PM for your appearance in the above Arbitrator.If you fails to appear either in person or through an advocate on the said date, the matter will be heard and decided in your absence.

/By Order of the Arbitrator/

Kasaragod, 20.10.2020

Sd/-
Advocate for the Petitioner

അന്തരിച്ചു

സീതാരാമഭട്ട്

മുള്ളേരിയ: കുണ്ടാർ യു പി സ്കൂളിലെ റിട്ട. യേർഡ് ഹിന്ദി അധ്യാപകനും മായിലം കോട്ട തറവാട്ടംഗവുമായ സീതാരാമഭട്ട് (76) അന്തരിച്ചു.

മികച്ച അധ്യാപകനും പ്രമുഖ കർഷകനുമായിരുന്നു. ഭാര്യ: സരോജിനി. മക്കൾ: ഡോ. സുബ്രായ ഭട്ട്(പരിയാരം മെഡിക്കൽ കോളേജ്), വിദ്യാഗൗരി (കുണ്ടാർ സ്കൂൾ അധ്യാപിക), ആശ, പവിത്ര. മരുമക്കൾ: ഡോ. തൃപ്തി, നാഗരാജ്(കെ എസ് ഇ ബി എഞ്ചി.), ഗിരീഷ്, ഡോ. അരവിന്ദൻ. സഹോദരങ്ങൾ: അഡ്വ. എം നാരായണഭട്ട്, പുഷ്പഗന്ധി, കമലാവതി. പരേതരായ വെങ്കട്രമണഭട്ട്, ശ്യാമഭട്ട്.

ഗോപാലകൃഷ്ണ മണിയാണി

നീർച്ചാൽ: ദേവരമെട്ടുവിലെ ഗോപാലകൃഷ്ണ മണിയാണി (68) അന്തരിച്ചു. പരേതരായ മാധവ മണിയാണി- കല്യാണി ദമ്പതികളുടെ മകനാണ്. സഹോദരങ്ങൾ: പരേതനായ പരമേശ്വര, സുബ്രഹ്മണ്യ, നാരായണി, ഉമാവതി, പാർവ്വതി, സരസ്വതി, തിരുമലേശ്വരി.

എ.എച്ച്.മറിയുമ്മ

മേൽപറമ്പ്: ചെമ്പിരിക്കയിലെ പരേതനായ വടക്കൻ അബ്ദുൽ ഖാദറിന്റെ ഭാര്യ എ.എച്ച്.മറിയുമ്മ (85) അന്തരിച്ചു. മക്കൾ: മുഹമ്മദ് കുഞ്ഞി വടക്കൻ, അബ്ദുല്ല, ഹസൈനാർ, ലത്തീഫ്, ബീഫാത്തിമ, ആയിഷ. മരുമക്കൾ: ഷെരീഫ് കല്ലട്ര, പരേതനായ അഹമ്മദ് ചെർക്കള. സഹോദരങ്ങൾ: ദൈനബി മരവയൽ, ആസ്യാബി തളങ്കര (യഹ്യ തളങ്കരയുടെ മാതാവ്) പരേതരായ എ.എച്ച്.അബ്ദുല്ല, എ.എച്ച്.മുഹമ്മദ്, എ.എച്ച്.അഹമ്മദ്, എ.എച്ച്.ഉമ്മർ, കദീജ മേൽപറമ്പ്, ആയിഷ കീഴൂർ.

വെള്ളച്ചി

മുളിയാർ: കോട്ടൂരിലെ പരേതനായ കണ്ണന്റെ ഭാര്യ വെള്ളച്ചി (80) അന്തരിച്ചു.

മക്കൾ: ടി നാരായണി (കോട്ടൂർ), ടി.ഗോപാലൻ, ടി ടി അമ്മാളു(ശാന്തിനഗർ), ടി.വേണുഗോപാലൻ. മരുമക്കൾ: ചന്ദ്രൻ മാസ്റ്റർ (കോട്ടൂർ), നാരായണൻ (ശാന്തിനഗർ), ശ്യാമള കെ.

ബാബു

എടനീർ: എടനീർ കളരി വീട്ടിൽ പ്രമുഖ തെയ്യം കലാകാരൻ ബാബു (അഡ്രു) 62 കലേപ്പാടി അന്തരിച്ചു. ഭാര്യ: കമല. മക്കൾ: രവി, ചന്ദ്രാവതി, സുരേശൻ, സുജാത, രാജു. മരുമക്കൾ: ശശികുമാർ, രാജേഷ്.

പുരുഷോത്തമ ബല്ലാൾ

മുള്ളേരിയ: കാനക്കോട് ചൈമ്പറമൂലയിലെ പുരുഷോത്തമ ബല്ലാൾ (49)അസുഖത്തെ തുടർന്ന് അന്തരിച്ചു. ഭാര്യ: പാർവ്വതി. മക്കൾ: വൈശാഖ്, വൈഭവ്. സഹോദരങ്ങൾ: ശിവരാമ, ദിവാകര, സീതമ്മ.

ഫാത്തിമ

പള്ളിക്കര: പൂച്ചക്കാട്ട പരേതനായ തർക്കാരി അഹമ്മദിന്റെ ഭാര്യ ഫാത്തിമ (80) അന്തരിച്ചു. പരേതനായ വടക്കൻ ഇബ്രാഹിം ഹാജിയുടെയും, മറിയത്തിന്റെയും മകളാണ്.

സി പി ഐ നേതാവ് പി കുഞ്ഞമ്പു അന്തരിച്ചു

തൃക്കരിപ്പൂർ: കമ്മ്യൂണിസ്റ്റ് പാർട്ടി തൃക്കരിപ്പൂർ മണ്ഡലം സെക്രട്ടറിയേറ്റ് അംഗവും നിർമ്മാണ തൊഴിലാളി യൂണിയൻ (എ ഐ ടി യു സി) ജില്ലാ വൈസ് പ്രസിഡണ്ടുമായ നടക്കാവിലെ പി കുഞ്ഞമ്പു (62) അന്തരിച്ചു. ഹൃദയാഘാതത്തെ തുടർന്ന് പരിയാരം ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലായിരുന്നു.

തൃക്കരിപ്പൂർ മേഖലയിൽ കമ്മ്യൂണിസ്റ്റ് പാർട്ടി കെട്ടിപ്പടുക്കുന്നതിൽ മുൻ നിരയിൽ നിന്ന് പ്രവർത്തിച്ചവരിലൊരാളായിരുന്നു ഇദ്ദേഹം. ബി കെ എം യു തൃക്കരിപ്പൂർ മണ്ഡലം പ്രസിഡണ്ട്, നിർമ്മാണ തൊഴിലാളി ക്ഷേമ സഹകരണ സംഘം ഭരണസമിതി അംഗം, വൈക്കത്ത് ക്ഷീരോൽപ്പാദക സഹകരണ സംഘം ഭരണ സമിതി അംഗം, തൃക്കരിപ്പൂർ താലൂക്ക് ആശുപത്രി വികസന സമിതി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു വരികയായിരുന്നു. ഗ്രന്ഥശാല സംഘം മുൻ താലൂക്ക് കൗൺസിൽ അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു. ഭാര്യ: എം വി ഭവാനി(ജോയിന്റ് കൗൺസിൽ ജില്ലാ കമ്മിറ്റി അംഗം). മക്കൾ: എം പി ബിജീഷ്(ജനയുഗം തൃക്കരിപ്പൂർ ലേഖകൻ), വിനീഷ്. മരുമക്കൾ: ടി വി ഓമന, വി രമ്യ. സഹോദരങ്ങൾ: ജാനകി, രമണി, തങ്കമണി, ചന്ദ്രൻ, രാജ ഗോപാലൻ, പരേതയായ ലക്ഷ്മി.

ജമാഅത്തെ ഇസ്ലാമി ബന്ധം

യുഡിഎഫിൽ ഭിന്നത രൂക്ഷം; അതൃപ്തരെ ഒപ്പം കൂട്ടാൻ സിപിഎം

കാസർകോട്: ജമാഅത്തെ ഇസ്ലാമിയുടെ വെൽഫെയർ പാർട്ടിയുമായുള്ള സഹകരണത്തെ ചൊല്ലി യു.ഡി.എഫിൽ ഉടലെടുത്ത ഭിന്നത മുതലെടുക്കാൻ സി.പി.എം തന്ത്രങ്ങൾ മെനയുന്നു.

അതൃപ്തരായ വിഭാഗത്തെ അടർത്തിയെടുത്ത് യു.ഡി.എഫിൽ കൂടുതൽ ആഭ്യന്തര പ്രശ്നം സൃഷ്ടിക്കുക എന്നതാണ് സി.പി.എം പയറ്റുന്നത്. ഇതിനായി ജമാഅത്തെ ഇസ്ലാമി ബന്ധത്തിൽ യുഡിഎഫിനെതിരെ പ്രചരണം ശക്തമാക്കാനാണ് സി.പി.എം സംസ്ഥാന സെക്രട്ടറിയേറ്റിന്റെ തീരുമാനമെന്നാണ് സൂചന. യു.ഡി.എഫിലെ അതൃപ്തർ പുറത്തുവന്നാൽ അവരുമായി സഹകരിക്കാമെന്നു സി.പി.എം നൽകുന്ന സന്ദേശം ഇതിന്റെ സൂചനയാണെന്നു ചൂണ്ടിക്കാട്ടപ്പെടുന്നു.

മത രാഷ്ട്രത്തിന് വേണ്ടി വാദിക്കുന്ന ജമാഅത്തെ ഇസ്ലാമിയുമായും എസ്.ഡി.പി.ഐയുമായും ബന്ധമുണ്ടാക്കാനാണ് യുഡിഎഫ് ശ്രമിക്കുന്നതെന്നും, പ്രത്യേകിച്ച് മുസ്ലീം ലീഗാണ് ഇതിന് പിന്നിലെന്നുമാണ് കഴിഞ്ഞ ദിവസം വാർത്താ സമ്മേളനത്തിൽ സിപിഎം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ ആരോപിച്ചത്.സി.പി.എം പ്രധാനമായും ലക്ഷ്യം വെക്കുന്നത് മുസ്ലീംലീഗിലെ അസംതൃപ്തരെയാണ്. കേരള കോൺഗ്രസ് ജോ.കെ മാണിഗ്രൂപ്പ് ഇടതുമുന്നണിയുമായി ചേർന്നതോടെ യു.ഡി.എഫിന്റെ കരുത്ത് കുറഞ്ഞുവെന്ന കണക്കുകൂട്ടലിലാണ് സി.പി.എം ഈയൊരു സഹാചര്യത്തിൽ യു.ഡി.എഫിനെ കൂടുതൽ ദുർബലമാക്കാൻ കഴിയുമോ എന്ന തന്ത്രമാണ് സി.പി.എം നടത്തുന്നത്.

അതേസമയം വെൽഫെയർ പാർട്ടിയുമായി സഹകരണം വേണമെന്ന ആവശ്യം യു.ഡി.എഫിനകത്ത് രൂക്ഷമായ അഭിപ്രായ വ്യത്യാസമുണ്ടാക്കിയിട്ടുണ്ട്. കോൺഗ്രസ്സിലും മുസ്ലീംലീഗിലും ഒരു വിഭാഗം കടുത്ത അതൃപ്തിയിലാണ്.

ഈ സാഹചര്യത്തിലാണ് ഇന്നലെ ചേർന്ന വലതുമുന്നണി നേതൃയോഗം യു.ഡി.എഫിന് പുറത്തുള്ള കക്ഷികളുമായി സഹകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചത്. എന്നാൽ പ്രാദേശിക സഖ്യം ഉണ്ടാക്കുന്നതിന് ഫലത്തിൽ പച്ചക്കൊടി കാട്ടുകയും ചെയ്തിട്ടുണ്ട്. അതേസമയം വെൽഫെയർ പാർട്ടിയുമായി തെരഞ്ഞെടുപ്പു ബന്ധം നേരത്തേയുള്ളത് സി.പി.എമ്മിനാണെന്ന് യു.ഡി.എഫ് ആരോപിച്ചു.

ഇന്നത്തെ സ്വർണ്ണ വില
ഗ്രാമിന്: 4700
പവന്: 37600
CITY GOLD
GOLD & DIAMONDS
THE GLOW OF PURITY
KERALA - KARNATAKA
PH : 04994 225095/220695
citygoldgroups.com

സ്ത്രീധന പീഡനം: ഭർത്താവിനും ഭർതൃമാതാവിനും ഭർതൃസഹോദരിക്കുമെതിരെ കേസ്

അഡൂർ: സ്ത്രീധന പീഡനത്തിനു ഭർത്താവിനും ഭർതൃമാതാവിനും ഭർതൃസഹോദരിക്കുമെതിരെ ആദൂർ പൊലീസ് കേസെടുത്തു.

അഡൂർ ഉർഡൂറിലെ ഗീത (41)യുടെ പരാതിയിലാണ് ഭർത്താവ് ബോവിക്കാനം ബേപ്പിലെ അശോകൻ, അമ്മ സരോജിനി, സഹോദരി പുഷ്പ എന്നിവർക്കെതിരെ കേസെടുത്തത്.

2010ലാണ് ഇവർ വിവാഹിതരായത്. അതിനുശേഷം നിരന്തരമായി പീഡിപ്പിക്കുകയായിരുന്നെന്നു പരാതിയിൽ പറഞ്ഞു. പീഡനം സഹിക്കാൻ കഴിയാതായതോടെ ഉർഡൂരിലെ അമ്മയുടെ വീട്ടിൽ താമസിക്കുന്നതിനിടയിൽ അശോകൻ മറ്റൊരു സ്ത്രീയെ വിവാഹം കഴിക്കുകയും ചെയ്തതെന്നു പരാതിയിൽ പറയുന്നു.

കാസർകോട് ജനറൽ ആശുപത്രിയിൽ നടന്ന പോളിയോ ദിനാചരണ പരിപാടിയിൽ നിന്ന്

യൂത്ത് കോൺഗ്രസ് ജില്ലാ കമ്മിറ്റി അതിജീവനയാത്ര ചട്ടഞ്ചാൽ കോവിഡ് ആശുപത്രി പരിസരത്ത് സംസ്ഥാന വൈസ് പ്രസിഡന്റ് റിയാസ് മുക്കോളി ഉദ്ഘാടനം ചെയ്യുന്നു

ചത്ത പോത്തിനെ ദേശീയ പാതയോരത്ത് തള്ളി

മൂലക്കണ്ടം ദേശീയപാതയോരത്ത് ചത്ത നിലയിൽ കണ്ട പോത്ത്

കാഞ്ഞങ്ങാട്: ചത്ത പോത്തിനെ ദേശീയപാതയോരത്ത് തള്ളിയ നിലയിൽ കണ്ടെത്തി. ഇന്നു രാവിലെ മാവുങ്കാൽ, മൂലക്കണ്ടം ദേശീയപാതയോരത്താണ് പോത്തിന്റെ ജഡം അഴുകിയ നിലയിൽ കണ്ടെത്തിയത്. തൊഴിലുറപ്പ് തൊഴിലാളികൾ ജോലിക്കിടയിൽ ദുർഗന്ധം അനുഭവപ്പെട്ടതിനെ തുടർന്ന് നോക്കിയപ്പോഴാണ് ജഡം കണ്ടെത്തിയത്. വിവരമറിഞ്ഞ് എത്തിയ വാർഡ് മെമ്പർ ടി.മാധവൻ, മുൻ മെമ്പർ എം.നാരായണൻ എന്നിവരുടെ നേതൃത്വത്തിൽ ജെ.സി.ബി ഉപയോഗിച്ച് പോത്തിനെ മറവു ചെയ്തു.ലോറിയിൽ കയറ്റി കൊണ്ടുപോകുന്നതിനിടയിൽ ചത്ത പോത്തിനെ റോഡരുകിൽ തള്ളുകയായിരുന്നുവെന്നു സംശയിക്കുന്നു.കഴിഞ്ഞ ദിവസം കാലിക്കടവ് റോഡരുകിലും സമാന രീതിയിൽ പോത്തിന്റെ ജഡം കാണപ്പെട്ടിരുന്നു.

കോവിഡ്: രാജ്യത്ത് രോഗികളുടെ എണ്ണം കുറയുന്നു

ന്യൂഡൽഹി: രാജ്യത്തെ കോവിഡ് രോഗികളുടെ എണ്ണം 78 ലക്ഷം കടന്നു. കഴിഞ്ഞ 24 മണിക്കൂറിനിടെ 53,370 പേർക്ക് കൂടി രോഗം സ്ഥിരീകരിച്ചതോടെ രാജ്യത്ത് ഇതുവരെ രോഗം സ്ഥിരീകരിച്ചവരുടെ എണ്ണം 78,14,682 ആയി. 650 മരണവും സ്ഥിരീകരിച്ചതോടെ ആകെ മരണസംഖ്യ 1,17,956 ആയി. രാജ്യത്ത് ചികിത്സയിലുള്ളവരുടെ എണ്ണം കുത്തനെ കുറയുന്നുവെന്നതാണ് ആശ്വാസകരമായ വാർത്ത.

നിരോധനാജ്ഞ ഒക്ടോബർ 31 വരെ നീട്ടി

കാസർകോട്: ജില്ലയിലെ മഞ്ചേശ്വരം, കുമ്പള, ബദിയഡുക്ക, കാസർകോട്, വിദ്യാനഗർ, മേൽപ്പറമ്പ, ബേക്കൽ, ഹൊസ്ദുർഗ്, നീലേശ്വരം, ചന്തേര പൊലീസ് സ്റ്റേഷൻ പരിധികളിലും പരപ്പ, ഒടയംചാൽ, പനത്തടി, ടൗണുകളിലും സി ആർ പി സി 144 പ്രകാരം ജില്ലാ കളക്ടർ ഡോ ഡി സജിത് ബാബു പുറപ്പെടുവിച്ച നിരോധനാജ്ഞ 31 ന് അർദ്ധരാത്രി 12 വരെ നീട്ടി.

കോവിഡ്കാലം വാടക വാഹനങ്ങൾക്കും കൊയ്ത്തുകാലം

ബദിയഡുക്ക: കോവിഡിന്റെ മറവിൽ ബദിയഡുക്കയിൽ വാടക വാഹനങ്ങളും കൊയ്ത്താരംഭിച്ചു.

രോഗം സ്ഥിരീകരിക്കുന്നവരുടെ കുടുംബാംഗങ്ങൾക്കു പരിശോധനക്കെത്താൻ വാടക വാഹനങ്ങൾ ഓടാൻ വിസമ്മതിക്കുന്നു. അതിനിടയിൽ സന്മനസ്സുമായി രംഗത്തു വരുന്നവർ യഥാർത്ഥ വാടകയുടെ നാലിരട്ടിയും അതിലധികവും ഈടാക്കുന്നു.

ആശുപത്രിയിലെ പരിശോധനാ വിഭാഗം ആശുപത്രിയിലെത്തുന്നവരെയേ തങ്ങൾ പരിശോധിക്കൂ എന്നു വാശിപിടിക്കുന്നു. രോഗമുണ്ടെന്നു സംശയിക്കുന്ന വരെ വീട്ടിൽച്ചെന്നു പരിശോധിക്കാനാവില്ലെന്ന അവരുടെ നിലപാടും വാടക വാഹനങ്ങളുടെ കൊള്ളയ്ക്കു സഹായമാവുന്നെന്ന പരാതിയുമുണ്ട്. കഴിഞ്ഞ ദിവസം മൗവ്വാർ സ്വദേശിയായ ഒരാൾ കോവിഡ് ബാധിച്ചു മരിച്ചിരുന്നു. ഇതിനെത്തുടർന്ന് മരിച്ചയാളുടെ ബന്ധുക്കളോട് കോവിഡ് ടെസ്റ്റ് ഉടൻ നടത്തണമെന്ന് ആരോഗ്യ വകുപ്പ് നിർദ്ദേശിച്ചു.

ഇതിനുവേണ്ടി വാടക വാഹനങ്ങളെ സമീപിച്ചപ്പോൾ പലരും ഒഴിഞ്ഞു മാറി. ഒടുവിൽ തയ്യാറായ ആൾ സാധാരണ വാടകയുടെ പല മടങ്ങ് ആവശ്യപ്പെട്ടു.

കോവിഡ് രോഗികൾക്കു വേണ്ടി ഓട്ടം പോയാൽ പലപ്പോഴും ഒരു ദിവസം വരെ ഓടേണ്ടിവരുന്നുവെന്നതാണ് അതിനവർ ന്യായം പറയുന്നത്. പരിശോധന കഴിഞ്ഞു രോഗിയെ ആശുപത്രിയിലോ വീട്ടിലോ എത്തിക്കണം. വാഹനം അണുവിമുക്തമാക്കണം. രണ്ടു മൂന്നു ദിവസം മറ്റ് വാടക ഓട്ടം എടുക്കാൻ പറ്റുന്നില്ല. ഈ സാഹചര്യത്തിൽ കൂടുതൽ വാടക ഈടാക്കാൻ തങ്ങൾ നിർബന്ധിതരാവുന്നു- അവർ പറയുന്നു. അതേസമയം പഞ്ചായത്ത് തലങ്ങളിൽ പ്രൈമറി-കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും എല്ലാ സംവിധാനങ്ങളുമുണ്ട്. ഇത്തരം മിക്ക സ്ഥാപനങ്ങളിലും ആംബുലൻസുകളുമുണ്ട്. ആ സംവിധാനങ്ങൾ മഹാമാരിയായ കോവിഡിനു വേണ്ടി പ്രയോജനപ്പെടുത്താത്ത അധികൃത നിലപാടിനെതിരെയും പ്രതിഷേധമുയരുന്നു.

ജനറൽ ആശുപത്രിയിൽ പോളിയോ ദിനാചരണം

കാസർകോട്: ജനറൽ ആശുപത്രിയിൽ കാസർകോട് റോട്ടറി ക്ലബ്ബിന്റെ നേതൃത്വത്തിൽ പോളിയോ ദിനാചരണം നടത്തി. 'വാക്കു ടു ഏന്റ് പോളിയോ' പരിപാടി മാഹിൻകുന്നിൽ ഫ്ളാഗ് ഓഫ് ചെയ്തു. റോട്ടറി ക്ലബ്ബ് പ്രസിഡന്റ് ഡോ.സി എച്ച് ജനാർദ്ദനായിക് ആധ്യക്ഷ്യം വഹിച്ചു. ഡോ.അനന്തകൃഷ്ണൻ നമ്പ്യാർ, ഡോ.ജിതേന്ദ്ര റൈ, ഡോ.വെങ്കിടഗിരി, ഐ എം എ പ്രസിഡന്റ് ഡോ.ബി നാരായണ നായിക്, ഡോ.ട്രീമാ, ഭാരവാഹികളായ അശോകൻ കുണിയേരി, എം കെ രാധാകൃഷ്ണൻ, ടി പി യൂസഫ് തുടങ്ങിയവർ സംസാരിച്ചു.

വിദഗ്ദ്ധ-അവിദഗ്ദ്ധ തൊഴിലാളികൾക്ക് മികച്ച തൊഴിലവസരം

കാസർകോട്: എല്ലാ തൊഴിൽ മേഖലയിലുമുള്ള വിദഗ്ദ്ധ-അവിദഗ്ദ്ധ തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് അവസരമൊരുക്കി വ്യവസായ വകുപ്പിന്റെ നൂതന സംരംഭം.

ഓരോ പ്രദേശത്തേയും തൊഴിലാളികൾക്ക് പ്രയോജനം ലഭിക്കുന്ന വിധത്തിൽ വ്യവസായ സഹകരണ സംഘങ്ങൾ മുഖേന നടപ്പാക്കുന്ന പദ്ധതിയുടെ ഗുണഭോക്താക്കളാകാൻ താൽപ്പര്യമുള്ളവർക്ക് ജില്ലാ വ്യവസായ കേന്ദ്രവുമായോ, താലൂക്ക് വ്യവസായ ഓഫീസുമായോ, ബ്ലോക്കിലെ വ്യവസായ വികസന ഓഫീസറുമായോ ബന്ധപ്പെടാം.

ബൈക്ക് മോഷണം പോയി

തൃക്കരിപ്പൂർ: വീടിന് മുന്നിൽ നിർത്തിയിട്ട ബൈക്ക് മോഷണം പോയി. ഉദിനൂരിൽ താമസിക്കുന്ന എ.ബി.നിസാറിന്റെ ഹോണ്ട യൂനിക്കോ ബൈക്കാണ് ഇന്ന് രാവിലെ മുതൽ കാണാതായത്. ഇതു സംബന്ധിച്ച പരാതിയിൽ ചന്തേര പൊലീസ് അന്വേഷണം ഊർജ്ജിതമാക്കി.

ആൾ കേരള ഗോൾഡ് ആന്റ് സിൽവർ മർച്ചന്റ്സ് അസോസിയേഷൻ അംഗമായിരുന്ന മുസ്തഫയുടെ കുടുംബത്തിനുള്ള മരണാനന്തര സഹായനിധി എ കെ ജി എസ് എം എ ജില്ലാ പ്രസിഡന്റ് അബ്ദുൾ കരീം പരേതന്റെ കുടുംബാംഗങ്ങൾക്ക് കൈമാറുന്നു

കുമ്മനത്തിനെതിരെയുള്ള കേസ്: ഗൂഢാലോചന അന്വേഷിക്കണം: കെ.ശ്രീകാന്ത്

കാഞ്ഞങ്ങാട്: ബി ജെ.പി നേതാവ് കുമ്മനം രാജശേഖരനെതിരെ പൊലീസ് കേസെടുത്തത് സി.പി.എമ്മിന്റെ രാഷ്ട്രീയ ഗൂഢാലോചനയുടെ ഭാഗമാണെന്ന് ബി.ജെ.പി ജില്ലാ പ്രസിഡന്റ് കെ ശ്രീകാന്ത് ആരോപിച്ചു.ഇതിനെതിരെ കാഞ്ഞങ്ങാട്ടു നടന്ന കരിദിനാചരണത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കുമ്മനത്തിനെതിരെ യാതൊരു ആരോപണമോ ആക്ഷേപമോ താൻ ഉന്നയിച്ചിട്ടില്ലെന്ന് പരാതിക്കാരൻ തന്നെ പരസ്യമായി പറഞ്ഞ സാഹചര്യത്തിൽ കുമ്മനത്തിന്റെ പേര് എഫ്ഐആറിൽ എങ്ങനെ വന്നു എന്ന കാര്യം അന്വേഷിക്കണമെന്നു അദ്ദേഹം ആവശ്യപ്പെട്ടു. എൻ മധു ആധ്യക്ഷം വഹിച്ചു. ബാലൻ കുഞ്ഞിക്കണ്ണൻ, ഇ കൃഷ്ണൻ, റോയി, കെ.കെ വേണുഗോപാൽ, പ്രശാന്ത് എം പ്രസംഗിച്ചു.

കുമ്മനം രാജശേഖരനെതിരെ കേസെടുത്തതിൽ പ്രതിഷേധിച്ചു ബി ജെ പി കാഞ്ഞങ്ങാട്ട് നടത്തിയ കരിദിനാചരണം

കെ.എം.ഷാജിക്കെതിരെ വധഭീഷണി; പ്രതി മുൻകൂർ ജാമ്യത്തിന്

കണ്ണൂർ: കെ.എംഷാജി എം.എൽഎയെ വധിക്കുമെന്ന് ഭീഷണിപ്പെടുത്തിയ കേസിൽ പാപ്പിനിശ്ശേരി സ്വദേശി തേജസ്സ് മുൻകൂർ ജാമ്യത്തിന്. തലശ്ശേരി സെഷൻസ് കോടതിയിലാണ് മുൻകൂർ ജാമ്യ ഹരജി നൽകിയത്. വധിക്കാൻ 25 ലക്ഷത്തിന് കച്ചട്ടേഷൻ നൽകിയെന്നാണ് കെ. എംഷാജിയുടെ പരാതി. അതേസമയം തേജസ് ഒളിവിലാണെന്നാണ് പൊലീസ് പറയുന്നത്. എന്നാൽ സംഭവത്തിൽ തേജസിന്റെ പിതാവ് നിർണ്ണായക വെളിപ്പെടുത്തലും നൽകി. കെ. എംഷാജി പൊലീസിന് നൽകിയ ഫോൺ സന്ദേശം മകന്റേത് തന്നെയായിരിക്കാമെന്നാണ് പിതാവ് വെളിപ്പെടുത്തിയത്.

യാത്രാ ദുരിതം: ബന്തടുക്ക - കളക്കര - ചാമക്കൊച്ചി എസ് ടി കോളനി നിവാസികൾ വോട്ട് ബഹിഷ്കരിക്കരണത്തിന്

ബന്തടുക്ക : യാത്രാ ദുരിതം വിട്ടൊഴിയാത്ത കുറ്റിക്കോൽ അഞ്ചാം വാർഡിലെ ബന്തടുക്ക - കളക്കര - ചാമക്കൊച്ചി എസ് ടി കോളനി നിവാസികൾ പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ നിന്നു വിട്ടു നിൽക്കാൻ നീക്കം. അഞ്ചാം വാർഡിലെ ദേലംപാടി അതിർത്തി പങ്കിടുന്ന റോഡാണ് തകർന്ന് യാത്രാ ദുരിതം നേരിടുന്നത്. ഈ വിഷയം ചൂണ്ടിക്കാട്ടി വോട്ട് ബഹിഷ്ക്കരണം ഉൾപ്പെടെയുള്ള കടുത്ത നിലപാടിലേക്ക് കടക്കാൻ തീരുമാനിച്ചിരിക്കുകയാണ് ജനങ്ങളെന്നു കോളനി നിവാസികൾ അറിയിച്ചു.

അധികൃത അവഗണനയിൽ ഗതാഗതം ദുസ്സഹമായ ബന്തടുക്ക-കളക്കര- ചാമക്കൊച്ചി എസ് ടി കോളനി റോഡ്

ടാറ്റാ കോവിഡ് ആശുപത്രി തുറക്കാത്തതു കമ്മീഷൻ കിട്ടാത്തതിന്റെ വൈരാഗ്യത്തിൽ: നീലകണ്ഠൻ

കാസർകോട്: ടാറ്റ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കി സംസ്ഥാന സർക്കാരിനു കൈമാറിയ ടാറ്റാ കോവിഡ് ആശുപത്രി തുറക്കാത്തതു സർക്കാരിനു കൺസൾട്ടൻസി കമ്മീഷൻ കിട്ടാത്തതു കൊണ്ടാണെന്നു കെ.പി. സി.സി സെക്രട്ടറി കെ.നീലകണ്ഠൻ ആരോപിച്ചു. കോവിഡിന്റെ മറവിൽ സാധാരണ രോഗികൾക്കു ജില്ലാ ആശുപത്രിയിൽ ചികിത്സ നിരോധിക്കുന്നതു മനുഷ്യ രഹിതമായ നടപടിയാണെന്ന് അദ്ദേഹം അപലപിച്ചു. ടാറ്റാ കോവിഡ് ആശുപത്രി തുറക്കാത്തതിൽ പ്രതിഷേധിച്ചു ജനശ്രീ കളക്ട്രേറ്റ് പടിക്കൽ നടത്തിയ ധർണ്ണ ഉദ്ഘാടനം ചെയ്യുകയായിരുന്നു നീലകണ്ഠൻ. അച്ചേരി ബാലകൃഷ്ണൻ, കുഞ്ഞമ്പു, എം.രാജീവൻ നമ്പ്യാർ, കെ.ഖാലിദ്, സി.അശോക് കുമാർ, പി.കെ. ജിതേഷ് ബാബു, കെ.പുരുഷോത്തമൻ, സി.ഭാസ്കരൻ, വി.കെ. മുകുന്ദൻ, മനാഫ് പ്രസംഗിച്ചു.

നാലര വർഷത്തെ വികസനം: 10 സിനിമകളുടെ പ്രദർശനം ഇന്ന്

കാസർകോട്: വിവിധ മേഖലകളിൽ ജില്ല നാലര വർഷം കൊണ്ടു നേടിയ വികസന കഥ വിവരിക്കുന്ന 10 ഹ്രസ്വ സിനിമകൾ പ്രദർശനത്തിനൊരുങ്ങി.

കാസർകോട് ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ നേതൃത്വത്തിലാണ് സിനിമ ഒരുക്കിയിട്ടുള്ളത്. സിനിമകളുടെ പ്രദർശനം ഇന്നു രാവിലെ മന്ത്രി ഇ ചന്ദ്രശേഖരൻ കളക്ട്രേറ്റിൽ ഉദ്ഘാടനം ചെയ്തു. ജില്ലാ കളക്ടർ ഡി സജിത് ബാബു ആധ്യക്ഷം വഹിച്ചു. ജില്ലയിലെ വിവിധ വകുപ്പുകളിലെ ജീവനക്കാർ പരിപാടിയിൽ സംബന്ധിച്ചു. എൻഡോസൾഫാൻ വിഷമഴയിൽ ജീവിതം നഷ്ടമായവർക്ക് പുതുജീവൻ നൽകിയതും ലൈഫ് പദ്ധതിയും പകൽവീടുകളിലെ വിശേഷങ്ങളും സ്ത്രീ ശാക്തീകരണത്തിന്റെ നേർസാക്ഷ്യവും മുതൽ കാസർകോട്ടെ ആരോഗ്യ മേഖല വരെ ഇനി സ്ക്രീനിൽ കാണാം.

അറിയണം
സെക്കന്റ് ഹാന്റ് കാറും വീടും സ്ഥലവും വാങ്ങുവാനും വിൽക്കുവാനും
ബന്ധപ്പെടുക
FUTURE POINT
Golden Arcade Building, New Bus Stand, Kasaragod
9809789777, 9400423708

Vol -27, Issue No -203 Edited, Printed and Published by S.Raju at Karaval Daily for Mother Graphics, B-3 Industrial Estates, Vidyanagar, Kasaragod, 671123, Kerala, News: 256225, Office: 256751, 255322, Circulation: 255725, Res:223237 P.B No: 26, E-Mail: karavaldaily@hotmail.com